بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 4

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 32

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ആഗസ്റ്റ് 8/ഹി:ശം:1398 ളുഹൂർ 8/ഹി:ഖ: 1440 ദുൽഹിജ്ജ 6

## അല്ലാഹുവിന്റെ വചനം

كُنۡتُمۡ خَيۡرَ اُمَّةٍ اُخۡرِجَتۡ لِلنَّاسِ تَاۡمُرُوۡنَ بِالۡمَعۡرُوۡفِ وَتَنۡهَوۡنَ عَنِ الۡمُنۡكَرِ وَتُؤۡمِنُوۡنَ بِاللّٰهِ

(آل عمران:111)

'മനുഷ്യവംശത്തിന്റെ നന്മയ്ക്കായി എഴുന്നേൽപ്പിക്കപ്പെട്ട ഏറ്റവും ഉൽകൃഷ്ടമായ സമുദായമാണ് നിങ്ങൾ. നിങ്ങൾ നല്ല കാര്യങ്ങൾ നിർദേശിക്കുകയും ചീത്തക്കാര്യങ്ങൾ നിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.'

(3:111)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**അല്ലാഹുവിനുവേണ്ടി ബുദ്ധിപൂർവം പ്രവൃത്തിക്കുക. സാത്വികനും ദൈവത്തെഭയപ്പെടുവനുമാകുക. പരിശുദ്ധ ബുദ്ധി ആകാശത്തുനിന്നാണ് വരുന്നത്. അതിന്റെ കൂടെ ഒരു പ്രകാശം കൊണ്ടുവരുന്നു. ദിവ്യ പ്രകാശം ഇറങ്ങിയിരിക്കുന്നു. അത് മനസ്സുകളെ പ്രകാശിപ്പിക്കാൻ ആഗ്രഹിക്കുന്നു. അത് സ്വീകരിക്കുന്നതിനും അതിൽനിന്ന് ഫലമെടുക്കുന്നതിനും തയ്യാറാകുക.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### കൂർമബുദ്ധിയും മനസ്സാന്നിധ്യവും ഉണ്ടാകുന്നതിന് സാത്വികനും ദൈവത്തെ ഭയപ്പെടുന്നവനുമാകുക.

അല്പം ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യുക. ബുദ്ധിയുടെ നിശിതത്വവും മനഃസാന്നിധ്യവും ഉണ്ടാകുന്നതിന് അല്ലാഹുവിനുവേണ്ടി ബുദ്ധിപൂർവം പ്രവൃത്തിക്കുക. സാത്വികനും ദൈവത്തെ ഭയപ്പെടുവനുമാകുക. പരിശുദ്ധ ബുദ്ധി ആകാശത്തുനിന്നാണ് വരുന്നത്. അതിന്റെ കൂടെ ഒരു പ്രകാശം കൊണ്ടുവരുന്നു. പക്ഷേ, അത് യോഗ്യരായ ഓരോരുത്തരേയും തിരഞ്ഞുകൊണ്ടിരിക്കുന്നു. ഈ പരിശുദ്ധ ജമാഅത്തിന്റെ നിയമം ഭൗതിക നിയമത്തിൽ നമ്മൾ കാണുന്നത് തന്നെയാണ്. മഴ ആകാശത്തുനിന്ന് പതിക്കുന്നു. പക്ഷേ, ചില സ്ഥലം മഴകൊണ്ട് പൂന്തോട്ടമാകുന്നു. ചിലയിടത്ത് മുള്ളുകളും പൊന്തക്കാടുകളും മുളയ്ക്കുന്നു. ചിലപ്പോൾ അതേ മഴത്തുള്ളികൾ സമുദ്രത്തിന്റെ അടിയിലെത്തി രാജോചിതമായ രത്നക്കല്ലായിത്തീരുന്നു. **ബാഗെ ലാലഃ റൂയദ് വ ദർ ശൂറയെ ബോം ഖസ്** എന്നു പറഞ്ഞതുപോലെ, അത് പൂന്തോട്ടത്തിൽ പൂക്കൾ മുളപ്പിക്കുന്നു; ഉപ്പുരസമുള്ള മണ്ണിൽ പുല്ലും പാഴ്ചെടിയും.

മണ്ണ് അനുയോജ്യമല്ലെങ്കിൽ മഴയുടെ ഒരു ഫലവുമുണ്ടാകുകയില്ല. എന്നല്ല തിരിച്ച് ദ്രോഹവും നഷ്ടവുമുണ്ടാകുന്നു. അതുകൊണ്ട് ദൈവികമായ പ്രകാശം ഇറങ്ങുകയും അത് മനസ്സുകളെ പ്രകാശിപ്പിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അതു സ്വീകരിക്കുന്നതിനും അതിനെ പ്രയോജനപ്പെടുത്തുന്നതിനും തയ്യാറാകുക. മുത്തുകൾ ഉല്പാദിപ്പിക്കുവാൻ സാധിക്കാത്ത മണ്ണിനെപ്പോലെ അത് അതിനെ പാഴാക്കിക്കളയാതിരിക്കാൻ! നിങ്ങളും പ്രകാശമുണ്ടായിരിക്കെ ഇരുട്ടിൽ നടന്ന് വഞ്ചിതരായി പൊട്ടക്കിണറ്റിൽ വീണ് നാശമടയാതിരിക്കുക. അല്ലാഹു വാത്സല്യനിധിയായ മാതാവിനെക്കാൾ വാത്സല്യവാനാണ്. തന്റെ സൃഷ്ടികൾ പാഴായി പോകുന്നത് അവൻ ആഗ്രഹിക്കുന്നില്ല. അവൻ സന്മാർഗത്തിന്റേയും വെളിച്ചത്തിന്റേയും വഴികൾ നിങ്ങളിൽ തുറക്കുന്നു. നിങ്ങൾ അവയിൽ ചുവടുവെക്കുന്നതിന് ബുദ്ധികൊണ്ടും മനഃപരിശുദ്ധികൊണ്ടും പ്രവൃത്തിക്കുക. മണ്ണ് ഉഴുത് തയ്യാറാക്കാത്തിടത്തോളം അതിൽ വിത്ത് വിതയ്ക്കാൻ സാധിക്കുകയില്ല. ഇപ്രകാരം മുജാഹദയോടും രിയാളത്തോടും കൂടി മനഃപരിഷ്കരണം ഉണ്ടാകാത്തിടത്തോളം പരിശുദ്ധ ബുദ്ധി ആകാശത്തുനിന്ന് ഇറങ്ങുകയില്ല.

ഇക്കാലത്ത് അല്ലാഹു വലിയ ഫള്ൽ ചെയ്തിരിക്കുന്നു. തന്റെ ദീനിനേയും നബി(സ)തിരുമേനിയേയും പിന്താങ്ങി ആത്മാഭിമാനത്തോടെ ഒരു മനുഷ്യനെ–അയാൾ നിങ്ങളിൽ സംസാരിച്ചുകൊണ്ടിരിക്കുന്നു–അയച്ചു, അയാൾ ഈ പ്രകാശത്തിലേക്ക് അവരെ ക്ഷണിക്കുന്നതിന്. ഇക്കാലഘട്ടത്തിൽ അത്തരം ഫിത്നയും ഫസാദും ഉണ്ടായിരുന്നില്ലെങ്കിൽ ദീനിനെ ഇല്ലായ്മ ചെയ്യാൻ എത്തരത്തിലുള്ള ശ്രമങ്ങളാണോ നടന്നുകൊണ്ടിരിക്കുന്നത് അതില്ലായിരുന്നെങ്കിൽ ഒരു കുഴപ്പവും ഇല്ലായിരുന്നു. എന്നാൽ, ഇപ്പോൾ നിങ്ങൾ കാണുന്നത് എല്ലാഭാഗത്തും വലത്തും ഇടത്തും ഇസ്‌ലാമിനെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ചിന്തയിൽ ജനതകൾ ഇറങ്ങിയിരിക്കുന്നതാണ്. എനിക്കോർമയുണ്ട്. ബറാഹീനെ അഹ്മദിയ്യായിൽ ഞാൻ എഴുതിയിട്ടുമുണ്ട്. ഇസ്‌ലാമിന്നെതിരിൽ ആറുകോടി ഗ്രന്ഥം എഴുതി പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ മുസ്‌ലിമീങ്ങളുടെ അംഗസംഖ്യയും ആറുകോടിയാണെന്നുള്ളതാണ് അത്ഭുതകരമായ കാര്യം. ഇസ്‌ലാമിന്നെതിരിലുള്ള ഗ്രന്ഥങ്ങളുടെ എണ്ണവും അത്രത്തോളംതന്നെ. ഇതുവരെ ഈ ഗ്രന്ഥങ്ങളിലുണ്ടായിട്ടുള്ള വർധന വിട്ടു കളയുകയാണെങ്കിലും അപ്പോഴും നമ്മുടെ ശത്രുക്കൾ ഓരോരോ ഗ്രന്ഥം ഓരോ മുസ്‌ലിമിന്റേയും കൈയിൽ കൊടുത്തു കഴിഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ അഭിമാനാവേശം തിളച്ചു പൊന്താതിരിക്കുകയും *ഇന്നാ ലഹൂ ല ഹാഫളൂൻ* എന്ന വാഗ്ദാനം സത്യമാകാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ തീർച്ചയായും മനസ്സിലാക്കുക ഇസ്‌ലാം ഇന്ന് ലോകത്തുനിന്ന് ഉയർന്നുപോകുമായിരുന്നു. അതിന്റെ പേരും അടയാളവും പോലും മാഞ്ഞുപോകുമായിരുന്നു. എന്നാൽ, അങ്ങനെ ഉണ്ടാകുക സംഭാവ്യമല്ല. അല്ലാഹുവിന്റെ മറഞ്ഞ കൈ അതിനെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നു.ആളുകൾ മുസ്‌ലിമീങ്ങൾ എന്നു പറഞ്ഞ് നടന്നിട്ട് വിവാഹത്തിന് ചെലവഴിക്കുന്നത്രപോലും ഇസ്‌ലാമിനെക്കുറിച്ച് ചിന്തിക്കുന്നില്ല എന്നതാണ് എനിക്ക് സങ്കടവും വിഷമവും ഉണ്ടാക്കുന്ന കാര്യം.

ക്രിസ്തീയ സ്ത്രീകൾപോലും മരിക്കുന്ന നേരത്ത് ലക്ഷക്കണക്കിനു രൂപ തങ്ങളുടെ മതം പ്രചരിപ്പിക്കുന്നതിനും അത് നടപ്പിൽ വരുത്തുന്നതിനുംവേണ്ടി വസിയ്യത്തു ചെയ്യുന്നതായി പലപ്പോഴും ഞാൻ വായിക്കാനിടയായിട്ടുണ്ട്. അവരുടെ സ്വന്തം ജീവിതം ക്രൈസ്തവമതത്തിന്റെ പ്രചാരണത്തിൽ ചെലവഴിക്കുന്നത് നാം നിത്യവും കണ്ടുവരികയും ചെയ്യുന്നു. ആയിരക്കണക്കിന് ലേഡീസ് മിഷണറിമാർ വീടുവീടാന്തരം കയറിയിറങ്ങിയും ഇടവഴികളിൽ ചുറ്റിക്കറങ്ങിയും അവരുടെ മതത്തിലേക്ക് ഏതു വിധത്തിലെങ്കിലുമായി വിശ്വാസികളെ തട്ടിയെടുക്കുന്നു. എന്നാൽ, 50,000 രൂപപോലും ഇസ്‌ലാമിനുവേണ്ടി നല്കണം എന്ന് വസിയ്യത്തു ചെയ്തുകൊണ്ടു മരിക്കുന്ന ഒരു മുസ്‌ലിമിനേയും നമുക്കു കാണാൻ കഴിഞ്ഞിട്ടില്ല. പക്ഷേ, വിവാഹ വേളകളിലും ലൗകികമായ മറ്റു ആചാരങ്ങളിലും അമിതമായി അവർ പണം ചെലവഴിക്കുന്നുമുണ്ട്. കടം വാങ്ങിയും മനസ്സു തുറന്ന് പാഴ്ച്ചെലവുകൾ നടത്തുന്നു. എന്നാൽ, ചെലവഴിക്കാനില്ലാത്തത് ഇസ്‌ലാമിനുവേണ്ടി ചെലവഴിക്കാനാണ്. അഹോകഷ്ടം! അഹോകഷ്ടം! ഇതിനെക്കാളുപരി മുസ്‌ലിമീങ്ങളുടെ അവസ്ഥ കരുണാർഹം എന്താകാനാണ്?

### ഒരു നന്മയിൽനിന്ന് മറ്റൊന്ന് ജന്മംകൊള്ളുന്നു.

യാഥാർഥ്യം എന്താണെന്നുവച്ചാൽ ദുഷ്കർമങ്ങളുടെ ഫലം ദുഷ്കർമമായിരിക്കും. ഇസ്‌ലാമിന് അല്ലാഹുവിന്റെ പ്രകൃതി നിയമമുണ്ട്. അതായത് ഒരു നന്മയിൽനിന്ന് മറ്റൊരു നന്മയുണ്ടാകുന്നു. എനിക്ക് ഓർമ വന്നു, തദ്കിറത്തുൽ ഔലിയായിൽ ഞാൻ വായിച്ചിട്ടുണ്ട്.

(ശേഷം പേജ് 11ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഹദ്റത്ത് ഹാജറ(അലയ്ഹസ്സലാം)

അബ്റഹാം അഥവാ ഇബ്റാഹീംനബി(അ) യുടെ ഭാര്യയായ ഹാഗാർ അഥവാ ഹാജറയെ കുറിച്ച് അറിയാത്തവർ യഹൂദരിലോ ക്രൈസ്തവരിലോ മുസ്‌ലീംകളിലോ വല്ലവരുമുണ്ടോ എന്നു സംശയമാണ്. അവർ ഒരു ദൈവഭക്തയും ഭർത്താവിനെ പൂർണമായും അനുസരിക്കുന്ന മഹതിയും ത്യാഗിനിയും ഒരു മഹാപ്രവാചകന്റെ സഹധർമിണിയും മറ്റൊരു പ്രവാചകന്റെ മാതാവും ആയിരുന്നു. ഇബ്റാഹീമിന്റെ രണ്ടാം ഭാര്യയാണെന്ന് സമ്മതിക്കുന്നുവെങ്കിലും യഹൂദരും ക്രിസ്ത്യാനികളും അവർ ഒരു ദാസിയാണെന്ന് പറഞ്ഞ് താഴ്ത്തിക്കാണുന്നു. അവരുടെ സന്താനങ്ങൾ ആത്മീയാനുഗ്രഹങ്ങൾക്ക് അർഹരല്ലെന്ന് വിചാരിക്കുന്നു. സാറായുടെ ദാസിയായ ഹാജറയിൽ ഇസ്മായീൽ ജനിച്ചതുകൊണ്ട് അദ്ദേഹം ഇബ്റാഹീമിന്റെ ജഢപ്രകാരമുള്ള പുത്രൻ മാത്രമാണെന്നും ദൈവ വാഗ്ദത്ത പ്രകാരമുള്ള പുത്രൻ സാറായിൽ ജനിച്ച ഇസ്ഹാഖാണെന്നും അവർ പറയുന്നു. അതുകൊണ്ട് ഇസ്മായീലിന്റെ സന്താനപരമ്പരയിൽപ്പെട്ട ഹദ്റത്ത് മുഹമ്മദു നബി(സ) ആ വാഗ്ദത്തത്തിന് അവകാശിയല്ലത്രെ! അക്കാരണത്താൽ ബൈബിളിൽ പ്രവചനം ചെയ്തിട്ടുള്ള 'ആ പ്രവാചകൻ' മുഹമ്മദുനബി(സ)യല്ല. നഊദുബില്ലാഹ്

ബൈബിളിൽ പല സ്ഥലത്തും ഹദ്റത്ത് ഹാജറയെ കുറിച്ച് 'ദാസി' എന്നും 'അടിമസ്ത്രീ' എന്നും പറഞ്ഞിട്ടുണ്ട്. ഇബ്റാനീ അഥവാ എബ്റായ ഭാഷയിലുള്ള ഹാജറായെപ്പറ്റി ഉപയോഗിച്ചിട്ടുള്ള ആ പദത്തിന്റെ അർഥം 'വേലക്കാരി' എന്നാണ്.

ഹാജറ ദാസിയല്ല, ഒരു രാജകുമാരിയായിരുന്നു എന്ന വസ്തുത ബൈബിൾ വ്യക്തമായി പറഞ്ഞിട്ടില്ലെങ്കിലും ചരിത്രകാരന്മാർ ആ പരമാർഥം എടുത്തു പറഞ്ഞിട്ടുണ്ട്. ജ്യൂയിഷ് എൻസൈക്ലോപീഡിയ എന്ന വിജ്ഞാനകോശത്തിൽ ഇങ്ങനെ പറയുന്നു: "യഹൂദരുടെ ഐതിഹ്യസംഗ്രഹമായ 'മിദ്രാശ്' എന്ന ഗ്രന്ഥപ്രകാരം ഹാജറ ഫറവോയുടെ പുത്രിയായിരുന്നു. സാറായുടെ കാര്യത്തിൽ ദൈവം കാണിച്ച മഹാത്ഭുതങ്ങൾ കണ്ടിട്ട് അദ്ദേഹം പറഞ്ഞു, 'ഹാജറ സ്വഭവനത്തിൽ യജമാനത്തിയായിരിക്കുന്നതിലും ഉത്തമം സാറായുടെ ഭവനത്തിൽ അടിമയായി ഇരിക്കുകയാണ്............'മിദ്രാശ്' എന്ന ഗ്രന്ഥം പറയുന്നതനുസരിച്ച് (ഇസ്‌ലാമിനു മുമ്പേയുള്ള) അറബി സാഹിത്യത്തിൽ പറഞ്ഞിരിക്കുന്നത് ഹാജറ, ഫറവോയുടെ മകളായിരുന്നുവെന്നും അവരെ അദ്ദേഹം ഇബ്റാഹീമിനു സമ്മാനിച്ചതാണെന്നുമാണ്. ഇപ്രകാരം തന്നെയാണ് മുസ്‌ലിമീങ്ങളുടെ ചരിത്രങ്ങളിലും പറയപ്പെടുന്നത്" (ജ്യൂയിഷ് എൻസൈക്ലോപീഡിയാ, വാള്യം 6, പേജ് 1389)

തൗറാത്തിന്റെ വ്യാഖ്യാതാവായ യഹൂദ പണ്ഡിതൻ ദബിശലും ഉൽപത്തി 19–ാം അധ്യായം ഒന്നാം വാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ട് ഇങ്ങനെ പറയുന്നു: "ഹാജറ ഫറവോയുടെ മകളായിരുന്നു. ഫറവോ സാറായുടെ ആത്മീയശക്തികൾ കണ്ടപ്പോൾ ഇങ്ങനെ പറഞ്ഞു,'ഇവളുടെ വീട്ടിൽ ഹാജറ ദാസിയായിരിക്കുന്നത് മറ്റൊരു വീട്ടിൽ യജമാനത്തിയായി ഇരിക്കുന്നതിലും ഉത്തമമാണ്."

ഇതേ പ്രകാരംതന്നെ 11 നൂറ്റാണ്ടുകൾക്കു മുമ്പേ ജീവിച്ചിരുന്ന വിശ്രുത ചരിത്രകാരനായ ത്വബ്‌രി തന്റെ സുപ്രസിദ്ധമായ താരീഖുൽ ഉമം (രാഷ്ട്രങ്ങളുടെ ചരിത്രം) എന്ന ഗ്രന്ഥത്തിൽ ഹാജറ ഒരു രാജകുമാരിയായിരുന്നുവെന്ന് രേഖാസഹിതം തെളിയിച്ചിട്ടുണ്ട്. ഹദ്റത്ത് ഉമറിന്റെ കാലത്ത് ഈജിപ്ത് ജയിച്ചടക്കിയ മുസ്‌ലിം ജേതാക്കൾ അവിടുത്തെ ജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ച കൂട്ടത്തിൽ, അവരോട് കടപ്പാടും അവരുമായി രക്തബന്ധവും ഉള്ളതുകൊണ്ട് അവരോട് ഔദാര്യമായി പെരുമാറണമെന്ന് തങ്ങളോട് നബി(സ) കല്പിച്ചിട്ടുള്ളതായി പറഞ്ഞപ്പോൾ ക്രൈസ്തവ പാതിരിമാർ ഉൾപ്പെടെയുള്ള ആ ജനപ്രമാണികൾ പറഞ്ഞത്, 'ഇതു വളരെ വിദൂരമായ ഒരു ബന്ധുത്വമാണ്, പ്രവാചകന്മാരല്ലാതെ ആരും ഇത്തരം ബന്ധുത്വത്തെ പാലിക്കുകയില്ല, സ്ത്രീമകുടമായ ഹാജറ ഞങ്ങളുടെ രാജാവിന്റെ പുത്രിയായിരുന്നുവെന്നാണ്.' (ത്വബ്‌രി, പേജ് 2586)

ഇബ്റാഹീം ഈജിപ്തിൽ ചെന്ന കാലത്ത് ആ രാജ്യം ഭരിച്ചിരുന്നത് ശേമ്യനാണ്. സ്വന്തം നാട്ടിൽ ക്ഷാമം ബാധിച്ചപ്പോൾ തന്റെ വംശജർ പാർത്തിരുന്ന ആ നാട്ടിലേക്കുതന്നെ അദ്ദേഹം പാലായനം ചെയ്തത് അതിലേക്ക് സാക്ഷ്യമാണ്. ആ സ്ഥിതിയ്ക്ക് ഫറവോ, ഇബ്റാഹീമിന്റെ ആദ്യ ഭാര്യയ്ക്ക് ശുശ്രൂഷ ചെയ്യുന്നതിന് സ്വന്തം പുത്രിയെ അയച്ചുകൊടുക്കുകയും അതു മുഖേന ഇരുകൂട്ടരും അന്യോന്യമുള്ള ബന്ധം സുദൃഢമാക്കുകയും ചെയ്തുവെന്ന് വിചാരിക്കുന്നതാണ് കൂടുതൽ ന്യായം. യഹൂദരുടേയും ക്രൈസ്തവരുടേയും മുസ്‌ലിമീങ്ങളുടേയും ഇസ്‌ലാമിനുമുമ്പേയുള്ള അറബികളുടേയും ഇതിഹാസങ്ങളിൽനിന്നും ഈജിപ്തിലെ ആദ്യകാല ക്രൈസ്തവരുടെ വാക്കുകളിൽനിന്നും മനസ്സിലാകുന്നത് ഹാജറ ഒരു സാധാരണ സ്ത്രീയോ ദാസിയോ ആയിരുന്നില്ല. സ്വതന്ത്രയായ ഒരു രാജകുമാരിയായിരുന്നു എന്നാണ്.

ഹാജറ ഗർഭം ധരിച്ചപ്പോൾ അവരുടെ ദൃഷ്ടിയിൽ സാറാ നിന്ദ്യയായി കാണപ്പെട്ടുവെന്നും തന്നിമിത്തം അവരെ സാറാ ഉപദ്രവിച്ചുവെന്നും അപ്പോൾ അവർ അവിടെനിന്ന് ഓടിപ്പോയെന്നും ബൈബിൾ പറയുന്നു. വനമധ്യത്തിൽ ഒരു ഉറവിന്നരികെവച്ച് ദൈവദൂതൻ അവരെ കണ്ടു. തന്റെ പാലായനത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ അവർ ഉള്ളതുപോലെ പറഞ്ഞു. അപ്പോൾ ആ ദൈവദൂതൻ ഹാജറയോട് മടങ്ങിപ്പോകാനും സാറായെ അനുസരിച്ച് ജീവിക്കാനും ഉപദേശിച്ചു. അതോടൊപ്പം, അവർ ഒരു ആൺകുട്ടിയെ പ്രസവിക്കുമെന്നും അവരുടെ സങ്കടം ദൈവം കേട്ടതുകൊണ്ട് ആ കുട്ടിയ്ക്ക് ഇസ്മായീൽ(ദൈവം കേട്ടു)എന്ന് പേരിടണമെന്നും അറിയിച്ചു. ഹാജറ അങ്ങനെ തന്നെ പ്രവർത്തിക്കുകയും ചെയ്തു.(ഉൽപത്തി അധ്യായം 16)

ഹദ്റത്ത് ഹാജറയെ കുറിച്ച് സമ്പൂർണമായൊരു ചരിത്രമൊന്നും ലഭ്യമല്ല. പലരും പല രീതിയിലുള്ള കഥകളാണ് എഴുതിപിടിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) പറഞ്ഞിട്ടുള്ള ഒരു ഹദീഥ് ഞാൻ കേൾപ്പിക്കുകയാണ്. ഇതിലും നാം ഉദ്ദേശിക്കുന്ന രീതിയിൽ ഹാജറയെ കുറിച്ചുള്ള ചരിത്രങ്ങളൊന്നും കാണുന്നില്ല. എങ്കിലും അല്ലാഹുവിന്റെ റസൂൽ പറഞ്ഞതുകൊണ്ട് അതിന്റെ ആധികാരികത മറ്റുള്ളവയെ അപേക്ഷിച്ച് കൂടുതലാണ്.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ)ൽനിന്ന് നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: "സ്ത്രീകളുടെ കൂട്ടത്തിൽവച്ച് ഉടുതുണിയ്ക്കുമീതെ തുണിക്കഷണംകൊണ്ട് കെട്ടുന്ന പതിവ് ആദ്യമായി നടപ്പിൽ വരുത്തിയത് ഇസ്മായീൽനബിയുടെ ഉമ്മയാണ് (ഉമ്മുഇസ്മായീൽ). തന്റെ ചവിട്ടടയാളങ്ങൾ ഭൂമിയിൽനിന്ന് മായ്ച്ചു കളയാനാണ് അത് അവരുണ്ടാക്കിയത്. പിന്നീട് അവരേയും അവരുടെ മുലകുടിക്കുന്ന മകൻ ഇസ്മായീലിനേയും കൊണ്ടുവന്നിട്ട് ഇബ്റാഹീംനബി കഅ്ബത്തിന്നടുത്ത് താമസിപ്പിച്ചു; അതായത് കഅ്ബയുടേയും സംസമിന്റേയും മേൽഭാഗത്തുള്ള ഒരു വലിയ വൃക്ഷത്തിന്നടുത്ത്. അന്ന് മക്കായിൽ വെള്ളമോ, മറ്റു മനുഷ്യരോ ഉണ്ടായിരുന്നില്ല. ആ പരിതഃസ്ഥിതിയിലാണ് അവർ രണ്ടുപേരേയും ഇബ്റാഹീംനബി അവിടെ താമസിപ്പിച്ചത്. താമസിപ്പിച്ചപ്പോൾ അവർ രണ്ടുപേരുടേയുമടുക്കൽ ഇബ്റാഹീംനബി ഒരു ചാക്കു വെച്ചുകൊടുത്തു. അതിൽ കുറെ കാരക്കയും വെള്ളം നിറച്ച ഒരു തോൽപാത്രവുമുണ്ടായിരുന്നു. അതുവച്ചുകൊടുത്തിട്ട് ഇബ്റാഹീംനബി തിരിച്ചുപോരാനൊരുങ്ങി. അപ്പോൾ ഇസ്മായീൽനബിയുടെ ഉമ്മ ഇബ്റാഹീംനബിയുടെ പിന്നാലെ പോന്നിട്ട് ഇങ്ങനെ വിളിച്ചു ചോദിച്ചു: " ഇബ്റാഹീം! ഒരൊറ്റ മനുഷ്യജീവിയുമില്ലാത്ത ഈ താഴ്‌വരയിൽ ഞങ്ങളെ കൊണ്ടുവന്ന് വിട്ടിട്ട് നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്?" ഈ ചോദ്യം അവർ പല തവണ ആവർത്തിച്ചെങ്കിലും ഇബ്റാഹീംനബി അങ്ങോട്ടു തിരിഞ്ഞുനോക്കിയില്ല. അവസാനം 'ഇങ്ങനെ ചെയ്യാൻ അല്ലാഹു കല്പിച്ചിരിക്കുകയാണോ?'എന്ന് പത്നി ചോദിച്ചു. 'അതെ'എന്ന് ഇബ്റാഹീംനബി മറുപടി നല്കി. അപ്പോൾ പത്നി പറഞ്ഞു: "അങ്ങനെയാണെങ്കിൽ അല്ലാഹു ഞങ്ങളെ നാശത്തിലേക്ക് തള്ളിവിടുകയില്ല." ഇതു പറഞ്ഞിട്ട് അവർ മടങ്ങി. ഇബ്റാഹീംനബി മുമ്പോട്ടുപോയി 'സനിയ്യാ'യിലെത്തി, തന്നെ യാരും കാണുകയില്ലെന്ന് കണ്ടപ്പോൾ അദ്ദേഹം കഅ്ബായുടെ നേരെ തിരിഞ്ഞുനിന്നിട്ട് കൈ ഉയർത്തിക്കൊണ്ടു ഇങ്ങനെ പ്രാർഥിച്ചു: 'രക്ഷിതാവേ! എന്റെ സന്താനങ്ങളിൽ ചിലരെ കൃഷിയുൽപ്പന്നങ്ങളില്ലാത്ത ഒരു താഴ്‌വരയിലും നിന്റെ ആദരണീയമന്ദിരത്തിങ്കലും ഞാനിതാ താമസിപ്പിച്ചിരിക്കുന്നു...........' പിന്നീടു ഇസ്മായീൽനബിയുടെ ഉമ്മ, ആ വെള്ളം കുടിച്ചുകൊണ്ടും കുട്ടിയ്ക്ക് മുല കൊടുത്തുകൊണ്ടും അവിടെ ജീവിക്കാൻ തുടങ്ങി. അവസാനം തോൽപാത്രത്തിലുള്ള വെള്ളം കഴിഞ്ഞപ്പോൾ അവർക്കും കുട്ടിക്കും ദാഹിക്കാൻ തുടങ്ങി. കുട്ടി ദാഹം സഹിക്കവയ്യാതെ പിടയുന്നത് മാതാവ് സങ്കടത്തോടെ നോക്കിക്കൊണ്ടിരുന്നു. (മാതാവ് പറയുന്നു:) ശിശുവിന്റെ പരിതാപകരമായ അവസ്ഥ നോക്കിക്കാണാൻ കഴിയാതായപ്പോൾ ഞാൻ അവിടെനിന്ന് എഴുന്നേറ്റുപോയി ഏറ്റവും അടുത്തുള്ള 'സ്വഫാ' എന്ന കുന്നിന്മേൽ കയറി നിന്നിട്ട് താഴ്‌വരയിലേക്ക് ഒന്നു നോക്കി; വല്ലവരേയും കാണുന്നുണ്ടോയെന്ന്. ആരേയും കണ്ടില്ല. അപ്പോൾ ആ കുന്നിൽനിന്ന് താഴോട്ടിറങ്ങി. അങ്ങനെ താഴ്‌വരയിലെത്തിയപ്പോൾ അവരുടെ കുപ്പായം അല്പം പൊക്കിപ്പിടിച്ചിട്ട്, ആപത്ത് ബാധിച്ച മനുഷ്യൻ പരിഭ്രമിച്ചോടുംപോലെ ഓടി ആ താഴ്‌വര കടന്നു. അനന്തരം മർവാ എന്ന കുന്നിന്നടുത്തെത്തി. ഉടനെ അതിന്മേൽ കയറിയിട്ട് മനുഷ്യരാരെയെങ്കിലും കാണുന്നുണ്ടോ എന്ന് അവർ നോക്കി. ആരേയും കണ്ടില്ല. അങ്ങനെ ഏഴു പ്രാവശ്യം അവർ പ്രവർത്തിച്ചു. (രണ്ടു കുന്നുകൾക്കിടയിൽ അ

(ശേഷം പേജ് 11ൽ)

## ഖുത്ബ ജുമുഅ

### ഈ മുന്നു ദിവസം പ്രത്യേകമായ നിലയിൽ ദുൻയാവിനോടുള്ള സ്നേഹം തണുപ്പിക്കേണ്ടിവരും

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: തന്റെ ജമാഅത്തിൽ എണ്ണപ്പെടുന്നതിന്, അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിന്, അവന്റെ കൃപാകടാക്ഷത്തിന്റെ അനന്തരാവകാശിയാകുന്നതിന്, അല്ലാഹുവിന്റെ പരമാനന്ദവും നന്മയും കരസ്ഥമാക്കുന്നതിന് എല്ലാ വശത്തൂടെയും എല്ലാ ഭാഗത്തൂടെയും നിങ്ങളുടെ കർമപരമായ അവസ്ഥകളെ നന്നാക്കേണ്ട ആവശ്യമുണ്ട്. നന്മകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധയുണ്ടാകുന്നതിനുവേണ്ടിയാണ് ഈ ജൽസ സംഘടിപ്പിക്കുന്നത്.

**നമ്മുടെ എല്ലാ കർമത്തിലും അല്ലാഹുവിന്റെ തൃപ്തി ലഭിക്കുന്നതിന്റെ മിന്നലാട്ടം ദൃശ്യമാകേണ്ടതാണ്.**

നമ്മൾ ഇങ്ങനെ ദുആ ചെയ്യേണ്ടതാണ്, അല്ലാഹു തൃപ്തരല്ലാത്തവരിൽ അവൻ നമ്മെ പെടുത്താതിരിക്കട്ടെ. അല്ലാഹു സ്മരിച്ചിട്ടുള്ളവരിൽ അവൻ നമ്മെ പെടുത്തുമാറാകട്ടെ. അല്ലാഹുവുമായി നമ്മൾ ദൃഢബന്ധം പുലർത്തുന്നവരാകട്ടെ, നമ്മുടെ ഹൃദയത്തിൽനിന്ന് അന്ധകാരം മായിക്കുന്നവരാകട്ടെ.

ആരാണോ തന്റെ സഹോദരനെ അല്ലാഹുവിനുവേണ്ടി സ്നേഹിക്കുന്നത് അല്ലാഹു അവനെ അതിരറ്റ് അനുഗ്രഹിക്കുന്നു. അതുകൊണ്ട് ഈ ദിനങ്ങളിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അകറ്റുക

**ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസ സാലാനയേയും അല്ലാഹുവിന്റെ ചിഹ്നങ്ങളിൽപ്പെടുത്തിയിരിക്കുന്നു.**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നിട്ട് നമ്മുടെ ആത്മീയവും ധാർമികവുമായ അവസ്ഥകളിൽ വിപ്ലവകരമായ മാറ്റമുണ്ടായെന്ന് ലോകത്തോടു പറയുക

**യഥാർഥകാര്യം ഭാരവാഹിത്വമല്ല. യഥാർഥകാര്യം ബയ്അത്തിനോടുള്ള കടമ നിറവേറ്റലാണ്.**

നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചു. ഇത് ആദ്യത്തെ ചുവടാണ്; അവസാനത്തേതല്ല. അതിന്റെ അവസാനം ലഭ്യമാകുന്നതിന് നിങ്ങൾക്ക് നല്കപ്പെട്ട അധ്യാപനം അനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബന്ധമാണ്.

ഓരോ അഹ്മദിയുടെ മുഖത്തിന് പിന്നിലും യഥാർഥത്തിൽ അഹ്മദിയ്യത്തിന്റെ മുഖമാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുഖമാണെന്നും ഇസ്ലാമിന്റെ മുഖമാണെന്നും എല്ലാ അഹ്മദികളുടെയും ഓർമയിൽ ഉണ്ടായിരിക്കേണ്ടതാണ്. അതിനാൽ ആ മുഖങ്ങളെ സംരക്ഷിക്കുകയെന്നത് എല്ലാ അഹ്മദികളുടെയും ഉത്തരവാദിത്വമാണ്.

ജർമനി ജൽസസാലാനയുടെ ആരംഭത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവരിച്ചിട്ടുള്ള അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്തുകൊണ്ട് ജൽസ സാലാനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാൻ ഉപദേശം.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2019 ജൂൺ 28/1398 ഇഹ്സാൻ 28 മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, (ടിൽഫോർട്, സർറെ)യു.കെ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഖുത്ബയുടെ ആരംഭത്തിൽ ജൽസയുടെ സംഘാടകരോടു ഹുദൂർ അന്വേഷിച്ചു, അവസാനം വരെ നല്ലരീതിയിൽ ശബ്ദം വന്നുകൊണ്ടിരിക്കുന്നുണ്ടോ? നിങ്ങളാണ് ഇത് ചെയ്യുന്നത്. ചെക് ചെയ്തുവോ?

അതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നതുമൂലം നമുക്ക് ലഭിച്ച, അല്ലാഹുവിന്റെ അനുഗ്രഹങ്ങളിലും പ്രതിഫലങ്ങളിലുംപെട്ട അതിപ്രധാനമായ ഒരു അനുഗ്രഹവും പ്രതിഫലവുമാണ് ജൽസ സാലാനയുടെ രൂപത്തിൽ നമുക്ക് കരഗതമായിരിക്കുന്നത്. നമ്മുടെ ആത്മീയവും ധാർമികവും വിജ്ഞനാപരവുമായ ഉന്നമനത്തിന് നമ്മൾ പരിശ്രമിക്കാനും അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കാനും തഖ്വയിൽ ഉയരുന്നതിനുള്ള സാമാനം ഒരുക്കാനും പരസ്പരമുള്ള കടമകൾ നിർവഹിക്കുന്നതിന് സ്വന്തം ഹൃദയങ്ങളെ ശുദ്ധീകരിക്കാനും അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസക്ക് തുടക്കം കുറിച്ചതിന്റെ ലക്ഷ്യപൂർത്തീകരണത്തിന് പരിശ്രമിക്കാനും വേണ്ടിയാണത്. അതിന് പരസ്പരമുള്ള വൈരാഗ്യങ്ങളേയും അകൽച്ചകളേയും യോജിപ്പിലും സമീപ്യത്തിലും മാറ്റാൻ ശ്രമിക്കുക. വ്യർഥമായ കാര്യങ്ങളിൽനിന്ന് പരിശുദ്ധി ആർജിക്കാൻ സ്വന്തംതന്നെ പരിശ്രമിക്കുക. ഈ എല്ലാ കാര്യങ്ങളും ജൽസ സംഘടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവരിച്ചിരിക്കുന്നു.

അഹ്മദികളിലെ വലിയൊരു വിഭാഗം വർഷം മുഴുവൻ ജൽസസാലാന പ്രതീക്ഷിച്ചിരിക്കുന്നു. അടുത്തവർഷം തുടങ്ങിയ ഉടനെതന്നെ കനഡ, ഈ പ്രതീക്ഷയിലും ജൽസസാലാന സംഘടിപ്പിക്കേണ്ട താൽപര്യത്തിലും കൂടുതൽ വ്യാപൃതരാകുന്നു. ഇവിടെ താമസിക്കുന്നവരും കാത്തിരിക്കുന്നു. ഒരുകാലമായി ഇവിടെ താമസിക്കുന്നവരിൽ പ്രത്യേകിച്ചും ഇതുണ്ടാകുന്നു. പാക്കിസ്താനിൽനിന്ന് ഇവിടെ പുതിയതായി വരുന്നവരും തങ്ങളുടെ അവസ്ഥ കാരണത്താൽ ഇവിടെ അസൈലവും എടുക്കുന്നു. കാരണം നിയമപരമായ നിയന്ത്രണങ്ങൾ കാരണത്താൽ അവർക്ക് അവിടെ ജൽസ നടത്താൻ കഴിയുകയില്ല. ഒരുകാലമായി അവർക്ക് ജൽസസാലാന എന്താണെന്ന് അറിയുകപോലുമില്ല. ഇപ്പോൾ അവരുടെ എണ്ണവും നൂറുകളിൽനിന്ന് ആയിരങ്ങളായി. അത് ഉയർന്നുകൊണ്ടേപോകുകയാണ്. ഇതുപോലെതന്നെ വിദേശ രാജ്യങ്ങളിൽനിന്ന് ജൽസയിൽ പങ്കെടുക്കുന്നവരുടെ എണ്ണവും വർധിക്കുകയാണ്. അധികമായി ജർമനിയിലും ജനങ്ങൾ വന്നുതുടങ്ങിയിരിക്കുന്നു. ഈ വർഷം ആഫ്രിക്കൻരാജ്യങ്ങളിൽനിന്ന് കുറച്ചാളുകൾ ജൽസയിൽ വന്നിരുന്നു. അതിൽ തദ്ദേശവാസികളുമുണ്ട്. ജൽസയിൽ പങ്കെടുക്കുന്നതിനുള്ള ഉത്സാഹവും ജൽസയുടെ കാത്തിരിപ്പും ഉണ്ടാകാൻ കാരണം –അതുണ്ടാകേണ്ടതുമാണ്– ജൽസ സംഘടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം കരസ്ഥമാക്കുക എന്നതാണ്. ഇങ്ങനെ ചിന്തിക്കാത്തവരും ഈ നിയ്യത്തോടുകൂടി ജൽസയിൽ പങ്കെടുക്കാത്തവരും, അവർ ജൽസ കാത്തിരിക്കുന്നതും വ്യർഥമാണ്. ജൽസയിൽ പങ്കെടുക്കുന്നതും വ്യർഥവും പാഴുമാണ്. അതിനാൽ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും പുരുഷനാകട്ടെ സ്ത്രീയാകട്ടെ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് ശ്രമിക്കുന്നുണ്ടോ എന്ന കാര്യം മുന്നിൽ വെക്കേണ്ടതാണ്. അല്ലെങ്കിൽ ഈ നിയ്യത്തോടെയാണോ ജൽസയിൽ പങ്കെടുത്തിട്ടുള്ളതെന്ന് നോക്കുക. തഖ്വയിൽ ഉയരാൻ ശ്രമിക്കുന്നുണ്ടോ? ഉന്നത സ്വഭാവമഹിമ പ്രകടിപ്പിച്ച് മറ്റുള്ളവരോടുള്ള കടമ പൂർത്തികരിക്കുന്നതിന് ശ്രമിക്കുന്നുണ്ടോ? ആ വിചാരത്തോടുകൂടിയാണോ ഇവിടെ എത്തിയിരിക്കുന്നത്? അല്ലെങ്കിൽ ഞാൻ പറഞ്ഞതുപോലെ ജൽസയിലെ സാന്നിദ്ധ്യം, ജൽസയ്ക്ക് വരിക എന്നത് പാഴാണ്. ഒരു പ്രയോജനവും ചെയ്യു

കയില്ല. അന്തരീക്ഷം സ്വാധീനമുണ്ടാക്കുമെന്നതിൽ സംശയമില്ല. പക്ഷേ, ആ അന്തരീക്ഷത്തിന്റെ സ്വാധീനം കരസ്ഥമാക്കുന്നതിന് മനുഷ്യന്റെ സ്വന്തം പരിശ്രമത്തിനും പങ്കുണ്ട്. അതുകൊണ്ട് ഇതിന് നമ്മൾ ശ്രമിക്കേണ്ടതായിവരും. അങ്ങനെയെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നേടിയെടുക്കുവാൻ നമുക്ക് സാധിക്കുന്നതാണ്. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ചെയ്ത ദുആകൾക്കും അവകാശികളായിത്തീരേണ്ടതാണ്.

ഈ വിചാരത്തോടുകൂടി ഈ ജൽസയിൽ പങ്കെടുക്കാത്തവരേയും തങ്ങളുടെ കർമങ്ങളെ ഇതനുസരിച്ച് വാർത്തെടുക്കാത്തവരേയും ഹദ്റത്ത് മസീഹ് മൗഊദ്(അ) ജാഗ്രതപ്പെടുത്തിയിരിക്കുന്നു. അവിടന്ന് പറയുന്നു:

"വർത്തമാനകാലത്തെ ചില പീറുമാരുടെ മക്കളെപ്പോലെ കേവലം ബാഹ്യമായ പ്രൗഢി കാണിക്കുന്നതിന് സ്വന്തം അനുയായികളെ സംഘടിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. മറിച്ച് അല്ലാഹുവിന്റെ സൃഷ്ടികളുടെ പരിഷ്കരണമെന്ന പരമമായ ലക്ഷ്യം നേടുന്നതിനാണ് ഞാൻ പദ്ധതികൾ തയ്യാറാക്കുന്നത്."(ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ വാള്യം 6, പേജ് 395).

ബാഹ്യമായ ആഢംബരത്തിനും പ്രതാപത്തിനും പ്രദർശനപരതയ്ക്കും വേണ്ടി ആളുകളെ സംഘടിപ്പിക്കുകയല്ല ഉദ്ദേശ്യമെന്ന് അവിടന്ന് വ്യക്തമാക്കിയിരിക്കുന്നു; സിംഹാസനാരൂഢരായ പീർമാർ ഉറൂസുകളുടേയും മേളകളുടെയും പേരിൽ ജനങ്ങളെ സംഘടിപ്പിക്കുന്നതുപോലെ! ഞാൻ സ്വീകരിച്ചിട്ടുള്ള ജൽസയുടെ മാർഗം എന്നു പറയുന്നത് അല്ലാഹുവിന്റെ സൃഷ്ടികളുടെ പരിഷ്കരണമുണ്ടാകുക എന്നതു മാത്രമാണ്. അവർ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നവരായിരിക്കണം, പരസ്പരമുള്ള കടമകളും നിറവേറ്റുന്നവരായിരിക്കണം. സ്വന്തം പരിഷ്കരണം നടത്താത്തവരെ ജാഗ്രതപ്പെടുത്തുക മാത്രമല്ല ചെയ്തത് മറിച്ച് അവിടന്ന് വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. 30,000, 35000, 40,000 വരെ ആളുകൾ പങ്കെടുക്കാറുണ്ട് ജൽസയിൽ. അതുകൊണ്ടെന്ത് ഫലമാണുള്ളത്? ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹത്തെ നിറവേറ്റേണ്ട സ്ഥാനത്ത്, നമ്മൾ ബയ്അത്ത് ചെയ്തതിനുശേഷവും നമ്മുടെ മനസ്സിൽ ദുൻയാവിനോടുള്ള സ്നേഹം ഏറ്റിക്കൊണ്ടിരിക്കുകയാണെങ്കിൽ എന്തു പ്രയോജനമാണുണ്ടാകുക. അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനകളനുസരിച്ച് നമ്മൾ ജീവിക്കുന്നവരല്ലെങ്കിൽ, ഈ മൂന്നു ദിനവും ഭൗതികത തന്നെയാണ് നമ്മുടെ മുമ്പിലെങ്കിൽ എന്തുഫലം! അതുകൊണ്ട് നമ്മൾ ഇക്കാര്യങ്ങളിൽ ചിന്തിക്കേണ്ടതാണ്.

കുറച്ചു ദിവസങ്ങൾക്കു മുമ്പേ റമളാൻ അവസാനിച്ചു. അതൊരു ആത്മീയ സംസ്കരണത്തിന്റേയും ആത്മീയ പുരോഗതിയുടേയും മാസമായിരുന്നു. അതിൽ വ്യക്തിപരമായ ആരാധനകളും നോമ്പുകളും ദൈവസ്മരണയ്ക്കുമുള്ള അവസരം എല്ലാ സത്യവിശ്വാസികൾക്കും ലഭിച്ചു. ഇപ്പോൾ മറ്റൊന്ന്, മൂന്ന് ദിവ സത്തെ ക്യാമ്പാണ്. അതിൽ ദീനിപരവും വിജ്ഞാനപരവുമായ ഉന്നമനത്തിന് അവസരം കിട്ടുന്നതോടൊപ്പം ആരാധനകളുടേയും ദിക്റെ ഇലാഹിയുടേയും അന്തരീക്ഷവുമാണ്. ഈ എല്ലാ കാര്യങ്ങളും കൂട്ടായി പ്രകടിപ്പിക്കാനുള്ള മികച്ച അവസരമാണ്. എല്ലാവരും ചേർന്നുകൊണ്ട് ആരാധനാകർമങ്ങളിലേക്ക് ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. നഫ്ലുകളും നമസ്കരിക്കുന്നു. തഹജ്ജുദും നമസ്കരിക്കുന്നു. അവരവരുടേതായ ഭാഷകളിലും അരുടെ മനസ്സിലുള്ള ദുആകളും ദൈവസ്മരണകളും ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷേ, അന്തരീക്ഷം മുഴുവനും ദിക്ർ ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ അതും ദിക്റിന്റെ ഒരു കൂട്ടായ വർണമുള്ളതായിത്തീരുന്നു. ഇനി ഇതിൽ നിന്നൊന്നും നാം പ്രയോജനം കരസ്ഥമാക്കുന്നില്ലെങ്കിൽ പിന്നെ എപ്പോൾ എങ്ങനെയാണ് ഇതെല്ലാം നേടുക?

അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെമേൽ വലിയ ചുമതലയാണ് ഇട്ടിരിക്കുന്നത്. തന്നെ വിശ്വസിക്കുന്നവരിൽനിന്ന് വലിയ പ്രതീക്ഷകളാണ് കാംക്ഷിക്കുന്നത്. ഇതൊരു നിസാരകാര്യമല്ല. ഭൗതികലോകത്തോടുള്ള നമ്മുടെ സ്നേഹം അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിന്റെ മുന്നിൽ തണുത്തതായി മാറുമ്പോഴാണ് ഈ ചുറ്റുപാടിന്റെ യഥാർഥ പ്രയോജനം നമുക്ക് ലഭിക്കുക. ഈ ലോകത്ത് ജീവിച്ചുകൊണ്ട് അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിനു മുന്നിൽ ലോകത്തോടുള്ള സ്നേഹത്തിന് രണ്ടാംസ്ഥാനം നല്കുകയെന്നത് വളരെ വലിയ കാര്യമാകുന്നു. ഈയൊരു കാര്യമാണ് യഥാർഥ വിശ്വാസിയാക്കി മാറ്റുന്നത്. ഈ ജൽസയുടെ മൂന്ന് ദിവസത്തിനുശേഷം ഭൗതികജോലിയും ചെയ്യേണ്ടതാണ്. പക്ഷേ, ഈ ശിക്ഷണത്തിന്റേയും പങ്കെടുക്കലിന്റേയും ഫലമുണ്ടാകുന്നതും ഭൗതികജോലികളുണ്ടായിട്ടും ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമ്പോഴാണ്. ഈ മൂന്ന് ദിനത്തിൽ പ്രത്യേകമായ നിലയിൽ ഭൗതികതയോടുള്ള സ്നേഹം തികച്ചും തണുപ്പിക്കേണ്ടതായി വരും.

ജൽസാദിനങ്ങളിൽ ഇതും നമ്മൾ ഇവിടെ കണ്ടുവരുന്നുണ്ട്; ചന്തകളും ലഭ്യമാക്കിയിട്ടുണ്ട്. സ്റ്റാളുകളും ഇടുന്നു. ഭൗതിക സാധനങ്ങളുടെ വില്പനയും ഇവിടെ നടക്കുന്നു. പക്ഷേ, ജൽസയിൽ പങ്കെടുക്കുന്നവരും ചന്തകൾ സംഘടിപ്പിക്കുന്നവരും, ചന്തകളിൽ ചുറ്റിക്കറങ്ങുന്നവരും ഷോപ്പിംഗ് ചെയ്യുന്നവരും തങ്ങളുടെ സാധനങ്ങളിൽ ലാഭം കരസ്ഥമാക്കാൻ ശ്രമിക്കുന്നവരും ഇത് ലൗകിക ജീവിതമാണെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. അതുകൊണ്ട് വാങ്ങുന്നവരും കച്ചവടക്കാരും അതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. ജൽസയിലെ ആളുകൾ ഇവരിരുവരും പ്രത്യേകിച്ചും ജൽസയുടെ നടപടികൾ ശ്രദ്ധിച്ചുകേൾക്കുക. ഇതിനുശേഷം ഇടവേളകളിൽ ഇരുവർക്കും അവകാശമുണ്ട്, അനുവാദവുമുണ്ട്. ചന്തകളിൽ പോകുക. പക്ഷേ, ചന്തയോടുള്ള കടമ നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്. ചന്തകളോടുള്ള കടമ അതായത് നടക്കുകയും ചുറ്റിക്കറങ്ങുകയും ചെയ്യുമ്പോൾ പരസ്പരം സലാം പറയുക. ദൈവസ്മരണയിൽ മുഴുകുക. കടകളിൽ ഏതെങ്കിലും പ്രത്യേക സാധനം കണ്ടതിനുശേഷം തിരക്കുണ്ടാക്കി ഉന്തുംതള്ളും ഉണ്ടാക്കരുത്. കച്ചവടക്കാരൻ അനുവദനീയ ലാഭമെടുത്ത് തന്റെ സാധനങ്ങൾ വില്ക്കുക. ആരെയെങ്കിലും നിർബന്ധിതനായി മനസ്സിലാക്കി ലാഭം കൊയ്യരുത്. ചന്തകളിലും ഞാൻ പറഞ്ഞതുപോലെ, ദൈവസ്മരണ ചെയ്തുകൊണ്ടിരിക്കുക. കച്ചവടക്കാരനും ഇതിനിടയിൽ ദൈവസ്മരണ ചെയ്തുകൊണ്ടിരിക്കുക. ഇത് ബാഹ്യമായ ക്രമത്തിൽ നമ്മൾ സ്വീകരിക്കുകയാണെങ്കിൽ നമ്മുടെ മനസ്സുകളുടെ അവസ്ഥ മാറിപ്പോകുന്നതായിരിക്കും. നമ്മുടെ ഉള്ളിൽ തഖ്‌വയുമുണ്ടാകും. അല്ലാഹുവിനോടുള്ള സ്നേഹവും ഉണ്ടാകും. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ ഉള്ളിൽ നന്മകൾ ഉണ്ടാക്കാനും തഖ്‌വയുടെ നിലവാരം ഉയർത്താനും പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'അല്ലാഹു ഈ ജമാഅത്തിനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം ഈ ലോകത്തുനിന്ന് മാഞ്ഞുപോയ യഥാർഥ ദൈവികജ്ഞാനവും ഈ കാലഘട്ടത്തിൽ കാണാത്ത യഥാർഥ തഖ്‌വയും ത്വഹാറത്തും (ഭയഭക്തിയും പരിശുദ്ധിയും) പുനഃസ്ഥാപിക്കുക എന്നതാണ്.' (മൽഫൂദാത്ത് വാള്യം 7, പേജ് 277-278)

പിന്നീട് അവിടന്ന് ഒരവസരത്തിൽ തഖ്‌വയുടെ നിലവാരം ഉയർത്തുന്നതിന് ഉപദേശിച്ചുകൊണ്ട് പറയുന്നു:

'എന്റെ ജമാഅത്തിൽപെട്ടവരാണെന്ന് വിചാരിക്കുന്ന അല്ലയോ ജനങ്ങളേ! ഭയഭക്തിയുടെ വഴിയിൽ ചലിക്കുമ്പോൾ മാത്രമേ ഉപരിലോകത്ത് നിങ്ങൾ എന്റെ ജമാഅത്തിൽ പെട്ടവരായി ഗണിക്കപ്പെടുകയുള്ളൂ.'(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ, വാള്യം 15, പേജ് 15)

പിന്നീട് ഒരു സ്ഥലത്ത് അല്ലാഹുവിന്റെ മഹത്ത്വവും അവനോടുള്ള അനുരക്തിയും ഹൃദയങ്ങളിൽ സൃഷ്ടിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

'അല്ലാഹുവിന്റെ മഹത്ത്വം ഹൃദയങ്ങളിൽ നിറയ്ക്കുക. അവന്റെ തൗഹീദ് നാവുകൊണ്ട് മാത്രം അംഗീകരിക്കാതിരിക്കുക. മറിച്ച് അത് കർമപരമായിരിക്കണം. അങ്ങനെ അല്ലാഹുവും കർമപരമായിത്തന്നെ തന്റെ കൃപയും ഔദാര്യവും നിങ്ങളിൽ പ്രകടിപ്പിക്കുന്നതാണ്.'(അൽവസിയ്യത്ത് റൂഹാനീ ഖസാഇൻ വാള്യം 20 പേജ് 308).

അതിനാൽ, എങ്ങനെ തഖ്‌വാ ഉണ്ടാക്കണമെന്ന കാര്യം എപ്പോഴും നമ്മുടെ മുമ്പിൽ വെക്കേണ്ടതാണ്. ഏതെങ്കിലും ഒരു നന്മ ചെയ്യുന്നത് തഖ്‌വയാകുകയില്ല. മറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് ഇങ്ങനേയും പറഞ്ഞിരിക്കുന്നു: 'എല്ലാത്തരത്തിലുമുള്ള നന്മകളും ചെയ്യുകയും അല്ലാഹുവിനോടും അവന്റെ അടിയാറുകളോടുമുള്ള എല്ലാവിധ കടമകളും നിറവേറ്റുകയും ചെയ്യുകയെന്നതാണ് യഥാർഥ തഖ്‌വ.'(ഉമീമ ബറാഹീനെ അഹ്മദി

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

യ്യ, ഭാഗം 5, റൂഹാനീ ഖസാഇൻ വാല്യം 21, പേജ് 210)

നമ്മൾ ആത്മപരിശോധന നടത്തുകയാണെങ്കിൽ നമ്മുടെ അവസ്ഥകളുടെ സ്ഥിതിഗതികൾ നമ്മുടെ മുമ്പിൽ വരുന്നതായിരിക്കും.

ചിലയാളുകളുണ്ട്. അവർ പുറത്ത് ജമാഅത്തിന്റെ കാര്യങ്ങളിൽ നല്ലവരാണ്. എന്നാൽ, സ്വന്തം ഭവനങ്ങളിൽ ഭാര്യയും കുട്ടികളും അവരെക്കൊണ്ട് പൊറുതിമുട്ടുന്നു. ചിലർ വീട്ടുകാരോടുള്ള കടമകൾ നിറവേറ്റാറുണ്ട്. എന്നാൽ, അല്ലാഹുവിനോടുള്ള കടമകളിലേക്കും ആരാധനകളിലേക്കും ശ്രദ്ധിക്കുന്നില്ല. ഇത്തരത്തിലുള്ള പരാതികൾ കിട്ടിക്കൊണ്ടിരിക്കുന്നു. ചിലർ ബാഹ്യമായി ഇബാദത്തുകൾ നിർവഹിക്കുന്നവരാണ്. എന്നാൽ, സമൂഹത്തിലെ പരസ്പരമുള്ള ഇടപാടുകളിൽ മറ്റുള്ളവരുടെ അവകാശങ്ങൾ കൊള്ളയടിക്കുന്നവരാണ്. ചിലർ ഭൗതികരായ ആളുകളുടെ മുമ്പിൽ ചില നന്മകൾ ചെയ്യുന്നവരാണ്. അതും കാണിക്കുന്നതിനുവേണ്ടി മാത്രം. അല്ലാഹു നമ്മുടെ നിയ്യത്തുകളേയും അറിയുന്നുണ്ടെന്നത് മറന്നുപോകുന്നു. അവൻ നമ്മെ ഏതു അവസ്ഥയിലും കണ്ടുകൊണ്ടിരിക്കുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: തന്റെ ജമാഅത്തിൽ എണ്ണപ്പെടുന്നതിന്, അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിന്, അവന്റെ കൃപാകടാക്ഷത്തിന്റെ അനന്തരാവകാശിയാകുന്നതിന്, അല്ലാഹുവിന്റെ പരമാനന്ദവും നന്മയും കരസ്ഥമാക്കുന്നതിന് എല്ലാ വശത്തൂടെയും എല്ലാ ഭാഗത്തൂടെയും നിങ്ങളുടെ കർമപരമായ അവസ്ഥകളെ നന്നാക്കേണ്ട ആവശ്യമുണ്ട്. നന്മകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധയുണ്ടാകുന്നതിനുവേണ്ടിയാണ് ഈ ജൽസ സംഘടിപ്പിക്കുന്നത്. പ്രസംഗകരും തങ്ങളുടെ പ്രസംഗങ്ങളിൽ ഇക്കാര്യം പറഞ്ഞുകൊണ്ടിരിക്കുക. നമ്മെ ഒരു അന്തരീക്ഷത്തിൽവച്ച് നമ്മുടെ എല്ലാ കർമങ്ങളിലും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന്റെ മിന്നലാട്ടം കാണേണ്ടതാണെന്ന കാര്യം ഉണർത്തിക്കൊണ്ടിരിക്കുക.

ഈ ലക്ഷ്യം കരസ്ഥമാക്കുന്നതിന് ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

ആരെ കുറിച്ചാണോ *ല തുൽഹീഹിം തിജാറത്തുൻ വലാ ബയ്ഉൻ അൻദിക്‌രില്ലാഹ്* അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്നും നമസ്കാരം നിലനിറുത്തുന്നതിൽനിന്നും വ്യാപാരമോ ക്രയവിക്രയമോ അവരെ അശ്രദ്ധരാക്കുകയില്ല എന്ന് പറഞ്ഞിട്ടുള്ളത് അവരാണ് അല്ലാഹുവിന്റെ സമ്പൂർണരായ ദാസന്മാർ എന്ന കാര്യം ഓർക്കുക.' അവിടന്ന് പറഞ്ഞു: 'മനസ്സ് അല്ലാഹുവിനോടു സത്യമായ ബന്ധവും അനുരക്തിയും ഉണ്ടാക്കുമ്പോൾ അതിൽനിന്ന് അത് വേർപെടുകയേയില്ല. അതിന്റെ ഒരു അവസ്ഥ' അവിടന്ന് പറയുന്നു:'അതിന്റെ ഒരു അവസ്ഥ ഇങ്ങനെ മനസ്സിലാക്കാൻ കഴിയുന്നതാണ്. ആരുടെയെങ്കിലും കുട്ടി രോഗിയായാൽ പിന്നെ അവൻ എവിടെ പോയാലും ഏത് ജോലിയിൽ ഏർപ്പെട്ടാലും അവന്റെ മനസ്സും ചിന്തയും മുഴുവൻ ആ കുട്ടിയിലായിരിക്കും. അതുപോലെ ജനങ്ങൾക്ക് അല്ലാഹുവിനോട് സത്യസന്ധമായ ബന്ധവും സ്നേഹവും ഉണ്ടായിക്കഴിഞ്ഞാൽ പിന്നെ അവർ അല്ലാഹുവിനെ ഒരവസ്ഥയിലും വിസ്മരിച്ച് കളയുകയില്ല.'(മൽഫൂദാത്ത് വാല്യം 7 പേജ് 20–21)

ഈയൊരവസ്ഥയാണ് നമ്മളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)കാണാൻ ആഗ്രഹിക്കുന്നത്. ഈയൊരവസ്ഥ ഉണ്ടാക്കിത്തീർക്കാനുള്ള പരിശ്രമത്തിനാണ് നമ്മൾ ഇവിടെ ഒരുമിച്ച് കൂടിയിരിക്കുന്നത്. നമ്മൾ ഒരോത്തരും ഇതിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്. ഈ ഒരു അവസ്ഥ കരസ്ഥമാക്കുന്നവരാകാൻ ദുആയും ചെയ്യേണ്ടതാണ്. നമ്മൾ ഈ ഒരു അവസ്ഥ ഉണ്ടാക്കുമ്പോൾ, അതിനുവേണ്ടി ശ്രമിക്കുമ്പോൾ അല്ലാഹവും നമ്മെ ഓർമ വെക്കുന്നതായിരിക്കും. അവൻ സ്വയം പറഞ്ഞിരിക്കുന്നു: *ഉദ്കുറൂല്ലാഹ് യദ്കുറുക്കും* അല്ലാഹു സ്മരിക്കുകയും ഓർമ വെക്കുകയും ചെയ്യുന്നവൻ എത്രമാത്രം ഭാഗ്യവാനാണ്. നമ്മുടെ മൗലാ (യജമാനൻ) ഇത്രമാത്രം കാര്യംകൊണ്ട് നമ്മെ എത്രമാത്രം അനുഗ്രഹിച്ചുവെന്നാൽ, നമ്മൾ ഭൗതികമായ തിരക്കുകളിൽ നമ്മുടെ മൗലായെ മറക്കരുത്. ഈ ദിനങ്ങളിൽ പ്രത്യേകമായും അല്ലാഹുവിനെ യഥാർഥമായ നിലയിൽ സ്മരിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. പിന്നീട് അല്ലാഹു നമ്മെ ഓർത്തുകൊണ്ട് തന്റെ കൃപകൾക്ക് പാത്രമാക്കുന്നതായിരിക്കും.

ജൽസയിൽ പങ്കെടുക്കുന്നവരും ഡ്യൂട്ടികൾ നിർവഹിക്കുന്നവരും ദിക്റെ ഇലാഹി കൊണ്ട് അവരുടെ നാവുകൾ ആർദ്രമാക്കാൻ ശ്രമിക്കുക. അല്ലാഹുവിന്റെ സാമീപ്യം നേടിയെടുക്കുന്നവരായി മാറുക. അല്ലാഹു നമ്മളെ ഓർക്കുന്നതിലും വലുതായ മറ്റ് എന്ത് കാര്യമാണ് നമുക്ക് വേണ്ടത്. അതുകൊണ്ട് ആ സ്ഥിതിവിശേഷം കരസ്ഥമാക്കുന്നതിന് നമ്മൾ പരിശ്രമിക്കേണ്ടതാണ്. അപ്പോഴായിരിക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ നമ്മൾ ആകാശത്ത് അദ്ദേഹത്തിന്റെ ജമാഅത്തിൽ ഉൾപ്പെട്ടവാരായി തീരുന്നത്. ആകാശത്ത് തന്റെ ജമാഅത്തിൽ ഉൾപ്പെട്ടവരായിത്തീരുന്നത് സത്യമായി തഖ്‌വയുടെ വഴിയിൽ പദമൂന്നുന്നവാരാകുമ്പോഴാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ വാക്കുകൾ നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. ബയ്അത്തിനുശേഷം തങ്ങളുടെ ബന്ധുക്കളാൽ വഞ്ചിക്കപ്പെട്ടിട്ടുള്ള ധാരാളമാളുകൾ നമ്മളിലുണ്ട്. നിങ്ങളിൽ ധാരാളമാളുകൾ ഇവിടെ ഹിജ്റത്തു ചെയ്ത് വന്നത് അഹ്മദിയായ കാരണത്താൽ അഹ്മദിയ്യത്തിന്റെ എതിരാളികളുടെ ശത്രുത നേരിടേണ്ടി വന്നതാണ്. രാജ്യത്തിന്റെ നിയമം നമ്മുടെ മതസ്വാതന്ത്ര്യത്തിനുമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. പക്ഷേ, ഇക്കാര്യങ്ങളൊക്കെ ഉണ്ടായിട്ടും, ഈ പ്രയാസങ്ങളൊക്കെ ഉണ്ടായിട്ടും പാക്കിസ്താനിലും മറ്റു ചില രാജ്യങ്ങളിലും അഹ്മദികൾ സഹിച്ചുകൊണ്ടിരിക്കുകയാണ്. അല്ലെങ്കിൽ നിങ്ങളിലും ചിലർ സഹിച്ചു. അപ്പോൾ പിന്നെ നമ്മൾ നമ്മളുടെ കർമങ്ങളിലെ ന്യൂനതകൾ കാരണത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽപെടാതിരിക്കാൻ പാടുണ്ടോ. അല്ലാഹു പറഞ്ഞ ആ ആളുകളിൽ, ആ ഭാഗ്യവാന്മാരായ ആളുകളിൽ ഉൾപെടാതിരിക്കാൻ പാടുണ്ടോ? അങ്ങനെയായായൽ അത് എത്രവലിയ നഷ്ടക്കച്ചവടമായിരിക്കും. അതുകൊണ്ട് ഈ ദിനങ്ങളിൽ ഒരുപാടു ദുആകൾ ചെയ്യുക. അല്ലാഹു ഇഷ്ടപ്പെടാത്തവരിൽ പെടാതിരിക്കാൻ ദുആ ചെയ്യേണ്ടതാണ്. മറിച്ച് അല്ലാഹു സ്മരിക്കുന്നവരിൽപെടാൻ ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവുമായി നമ്മൾ ദൃഢഗാഢബന്ധം ഉണ്ടാക്കുന്നവരാകട്ടെ. നമ്മുടെ ഹൃദയങ്ങളിൽനിന്ന് അന്ധകാരം വിപാടനം ചെയ്യുന്നവരാകട്ടെ. ഇവിടെ ജൽസയുടെ പരിപാടികൾക്കിടയിലും ഇടവേളകളിലും രാത്രികളിലും അല്ലാഹുവിന്റെ ദിക്റുകളോടൊപ്പം ദുആ ചെയ്ത് കൊണ്ടിരിക്കുക. ഇങ്ങനെ പ്രതിജ്ഞ ചെയ്യുക. അല്ലാഹുവേ! ഞങ്ങൾ സദുദ്ദേശ്യത്തോടുകൂടി നിന്റെ മസീഹ് തുടങ്ങിവച്ച ഈ ജൽസയിൽ പങ്കെടുത്തിരിക്കുന്നു. അത് തീർച്ചയായും നിന്റെ പ്രത്യേകമായ സഹായത്തോടും കല്പനയോടുംകൂടിയാണ് തുടങ്ങിയിട്ടുള്ളത്. നിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും നിന്റെ ദിക്റിൽ ഉയരുന്നതിനും നിന്റെ സ്നേഹം സ്വയത്തമാക്കുന്നതിനും വേണ്ടിയാണ് ഇതിൽ പങ്കെടുത്തിരിക്കുന്നത്. ഞങ്ങളെ ഈ ജൽസയുമായി ബന്ധപ്പെട്ടിരിക്കുന്ന നിന്റെ എല്ലാ അനുഗ്രഹങ്ങളുടെയും അവകാശികളാക്കിയാലും, ഞങ്ങളുടെ ഉള്ളിൽ നീ ഉദ്ദേശിക്കുന്ന പരിശുദ്ധ മാറ്റം ഉണ്ടാക്കിയാലും. അത് സ്ഥാപിക്കുന്നതിന് നീ ഇക്കാലത്ത് നബി(സ)തിരുമേനിയുടെ സത്യപ്രേമിയെ അയച്ചിരിക്കുന്നു; ഞങ്ങൾ യഥാർഥ രീതിയിൽ അദ്ദേഹത്തിന്റെ ബയ്അത്തിൽ ഉൾപ്പെട്ടവരായി തീരുന്നതിന്. ഇങ്ങനെ അല്ലാഹുവിനോട് സഹായം ചോദിച്ചും സ്വലാത്തും ഇസ്തിഗ്ഫാറും ചെയ്തും ഈ ദിവസങ്ങൾ കഴിച്ചു കൂട്ടുകയും തന്റെ ദിവസങ്ങൾ അല്ലാഹുവിന് വേണ്ടി പ്രത്യേകപ്പെടുത്തുകയും ചെയ്യുന്നതായാൽ നമ്മുടെ ഇബാദത്തുകളുടെ നിലവാരവും വർധിക്കുന്നതാണ്. ഇങ്ങനെ അല്ലാഹുവുമായി ബന്ധമുണ്ടാകുന്ന കാരണത്താൽ അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമയും നിറവേറ്റുന്നവരായി മാറുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ജൽസകളുടെ ഒരുദ്ദേശ്യം പറഞ്ഞത് ജമാഅത്തംഗങ്ങളുടെ പരസ്പരമുള്ള സ്നേഹവും പരിചയവും വർധിക്കുക എന്നതാണ്. (ആസ്മാനീ ഫയ്സ്വല, റൂഹാനീ ഖസാഇൻ വാല്യം 4 പേജ് 352)

എവിടെയാണോ പുതിയതായി വരുന്നവരുമായി അഹ്മദിയ്യത്തിന്റെ ബന്ധം കാരണത്താൽ സ്നേഹത്തിന്റേയും പരിചയത്തിന്റേയും ബന്ധം സ്ഥാപിതമാകുന്നത് അവിടെ പഴയ ബന്ധങ്ങളിൽ കൂടുതൽ സ്നേഹം ഉണ്ടാകേണ്ടതും അനിവാര്യമാണ്. തന്റെ സഹോദരനോടു അല്ലാഹുവിനുവേണ്ടി സ്നേഹിക്കുന്നവനെ അല്ലാഹു അതിരില്ലാതെ അനുഗ്രഹിക്കുന്നു. അതിനാൽ ഈ ദിവസങ്ങളെ പരസ്പരമുള്ള വൈരാഗ്യങ്ങളെ ദൂരീകരിക്കുന്നതിനുള്ള മാർഗമാക്കി മാറ്റുക. അല്ലാതെ അത്തരക്കാർ ഇവിടെ വെച്ചുകണ്ടുമുട്ടുമ്പോൾ കോപം കാണിക്കുന്നവരാകാൻ പാടില്ല. അങ്ങനെ പരസ്പരമുള്ള വെറുപ്പും വിദ്വേഷവും കൂടുകയും അത് ജൽസയുടെ അന്തരീക്ഷത്തേയും മോശമാക്കുകയും ചെയ്യുന്നതാകാൻ പാടില്ല. അപ്പോൾ അല്ലാഹുവിന്റെ കൃപകൾക്ക് അനന്തരാവകാശിയാകുന്നതിനുപകരം അല്ലാഹുവിന്റെ ശാപത്തിനും വെറുപ്പിനും കാരണമായിത്തീരും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയെ അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അല്ലാഹുവിന്റെ ചിഹ്നങ്ങൾക്ക് കോട്ടം വരുത്തി വെക്കുന്നവർ അല്ലാഹുവിന്റെ കോപത്തിന് കീഴിൽ വരുന്നതാണ്.' (ഉദ്ഘാടന പ്രഭാഷണം ജൽസസാലാന 1931, അൻവാറുൽ ഉലൂം വാല്യം 12 പേജ് 389)

അതിനാൽ വളരെ ഭയപ്പെടേണ്ടുന്ന സ്ഥാനമാണ്. ആരിലാണോ വെറുപ്പുള്ളത് അവർ ഉടൻ മറ്റുള്ളവരുമായി രഞ്ജിപ്പിലാകുന്നതിന് തങ്ങളുടെ കൈ നീട്ടുക. അഹങ്കാരത്തിന്റെ പുകമറയിൽ കുടുങ്ങിക്കിടക്കുന്നതിനും അസൂയയുടെ അഗ്നിയിൽ എരിയുന്നതിനും പകരമായി ശാന്തിയുടെയും രഞ്ജിപ്പിന്റെയും മനോഹരമായ അന്തരീക്ഷം സൃഷ്ടിക്കുക. ആരുടെ

കൈയിൽനിന്നും നാവിൽനിന്നുമാണോ മറ്റൊരു മുസ്‌ലിം സുരക്ഷിതനായിരിക്കുന്നത് അവനാണ് മുസ്‌ലിം എന്ന നബി(സ)തിരുമേനിയുടെ നിർദ്ദേശത്തെ എപ്പോഴും മുന്നിൽവെക്കുക. (സ്വഹീഹുൽ ബുഖാരി, കിതാബുൽഈമാൻ, ഹദീഥ് 10)

ഈ നിർദേശം നമ്മുടെ അവസ്ഥകളിൽ പ്രതിഫലിക്കുന്നുണ്ടോ എന്ന് ആത്മ പരിശോധന നടത്തേണ്ടതാണ്. നമ്മുടെ കർമങ്ങൾ അതനുസരിച്ചാണോ? നൂറു ശതമാനവും അതനുസരിച്ച് പ്രവർത്തിക്കുന്നവരാണെന്ന് നമുക്ക് വാദിക്കാൻ കഴിയുമോ? ഇത് സത്യമാണെങ്കിൽ, ഓരോരുത്തരും ഇത് സത്യമാണെന്ന് പറയുന്നുവെങ്കിൽ ഖളായിൽ ഒരുകാര്യവും വരാൻ പാടില്ലാത്തതാണ്. രജ്യത്തിന്റെ കോടതികളിൽ അവകാശം കരസ്ഥമാക്കാൻവേണ്ടി കേസ് പോകാനെ പാടില്ല. എനിക്ക് വളരെ ദുഃഖത്തോടെ ഇതും പറയേണ്ടിവരുന്നു, ചിലയാളുകൾ ജൽസകളിൽ പങ്കെടുക്കുന്നു. ചെറിയ ചെറിയ കാര്യങ്ങളിൽ മുമ്പേയുള്ള വൈരാഗ്യവും സ്പർധയും കാരണം ജൽസയുടെ ദിവസങ്ങളിലും ഈ ചുറ്റുപാടിലും കൈയേറ്റത്തിന് മുതിരുന്നു. ചില അവസരങ്ങളിൽ പോലീസിനെപോലും വിളിക്കേണ്ടതായി വരുന്നു. ഇതൊരു വിശ്വാസിയുടെ അന്തസ്സിന് ചേർന്നതാണോ? ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ അംഗമായവരുടെ പ്രവൃത്തി ഇതാണോ? ഒരിക്കലുമല്ല. അങ്ങനെയുള്ള ആളുകളെ ജമാഅത്ത് വ്യവസ്ഥിതി പുറത്താക്കിയാലും ഇല്ലെങ്കിലും അവർ തങ്ങളുടെ കർമം കാരണത്താൽ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ജമാഅത്തിൽനിന്ന് പുറത്താകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശമനുസരിച്ച് ദൈവ സവിധത്തിൽ അവിടത്തെ ജമാഅത്തിൽപ്പെട്ടവരല്ല.

ആത്മപരിശോധന നടത്തുക. രണ്ടുകർമം പാടില്ല. അത്തരക്കാർ തങ്ങളുടെ മനസ്സിലെ അഴുക്ക് നീക്കം ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന് മാപ്പിന്റേയും വിട്ടുവീഴ്ചയുടേയും സൗഹാർദത്തിന്റേയും വഴി സ്വീകരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽവന്ന് ഞങ്ങളുടെ ആത്മീയവും ധാർമികവുമായ അവസ്ഥകളിൽ വിപ്ലാത്മകമായ ഒരു പരിവർത്തനമുണ്ടായെന്ന് ലോകത്തോടു പറയുക. ഇതുപോലെ തന്നെ ഭാരവാഹികളും ജൽസയിൽ ഡ്യൂട്ടി നല്കുന്നവരും ഈ ദിവസങ്ങളിൽ പ്രത്യേക ശ്രദ്ധ നല്കേണ്ടതാണ്. അവരുടെ സ്വഭാവങ്ങളുടെ നിലവാരം വളരെ ഉന്നതമായിരിക്കേണ്ടതാണ്. അവർക്ക് സാധാരണ ദിനങ്ങളിൽ ആരോടെങ്കിലും എന്തെങ്കിലും വൈരാഗ്യമുണ്ടായിട്ടുണ്ടെങ്കിൽ ആ പ്രവർത്തകർ ജൽസയുടെ അന്തരീക്ഷത്തിൽ അതിനെ രഞ്ജിപ്പിലും നന്മയിലുമാക്കാൻ മുന്നിട്ടിറങ്ങേണ്ടതാണ്. അല്ലാതെ പകരംവീട്ടുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ല. ജൽസയിൽ വരുന്ന ഓരോ വ്യക്തിയും അതിഥിയാണ്. എല്ലാ ഭാരവാഹികളുടേയും പ്രവർത്തകരുടേയും ജോലിയാണ് എല്ലാതരം വ്യക്തിപരമായ വൈരാഗ്യങ്ങളും അകറ്റി ഉന്നതമായ അച്ചടക്കവും ആതിഥ്യമര്യാദയും പ്രകടിപ്പിക്കുക. ഭാരവാഹികളുടെ പ്രത്യേക ചുമതലയാണിത്. അവരിൽ സഹനശക്തി അധികമായുണ്ടാകണം.ഭാരവാഹികൾ എന്തായാലും തങ്ങളെ സേവകരായി മനസ്സിലാക്കണം. ജമാഅത്തംഗങ്ങളേയും ജൽസയിൽ പങ്കെടുക്കുന്ന ഭാരവാഹികളേയും ജമാഅത്തിന്റെ പ്രതിനിധിയായി മനസ്സിലാക്കുക. അപ്പോൾ ലഹളയിലും വഴക്കിലും മാറ്റമുണ്ടാകുന്നതാണ്. പരസ്പരമുള്ള വൈരാഗ്യം അകലുന്നതാണ്.

എനിക്ക് വളരെ വിഷമത്തോടെ പറയേണ്ടി വരുന്നു, ഇവിടെ ചില ജമാഅത്തുകളിലെ ഭാരവാഹികൾ തങ്ങളുടെ ഭാരവാഹിത്വം ശ്രദ്ധിച്ചില്ല. ജൽസാ അന്തരീക്ഷത്തിലെ കാര്യമല്ല പറയുന്നത്. സാധാരണ അവസ്ഥയിലും തങ്ങളുടെ ജമാഅത്തുകളിലെ ജമാഅത്തുപരമായ ഉത്തരവാദിത്വങ്ങളിൽ ദീനീ സേവനത്തെ അല്ലാഹുവിന്റെ ഫള്‌ലാണെന്ന് കാണുന്നതിനു പകരം ഭൗതിക ഭാരവാഹിത്വംപോലെ മനസ്സിലാക്കി. ഇക്കാരണത്താൽ അവരെ മാറ്റേണ്ടിയും വന്നു.

അത്തരക്കാർ ഇവിടെ ജൽസയിൽ വന്നിട്ടുണ്ടെങ്കിൽ ആരാധനയിലും ദൈവസ്മരണയിലും വിനയത്തിലും ഉയരാൻ ശ്രമിക്കുക. അവരെ കുറിച്ച് അവരുടെ അഭിപ്രായത്തിൽ തെറ്റായ തീരുമാനമാണ് ഉണ്ടായിട്ടുള്ളതെങ്കിലും എളിമയുടെ മാർഗം സ്വീകരിക്കുക. അല്ലാഹുവിന്റെ മുമ്പിൽ കുനിയുക. ജമാഅത്ത് വ്യവസ്ഥിതിയെ കുറിച്ച് മനസ്സിൽ വൈരാഗ്യം വെച്ചു പുലർത്താതിരിക്കുക. തെറ്റായ തീരുമാനമാണെങ്കിൽ അല്ലാഹു കാര്യങ്ങളും അറിയുന്നവനാണ്. അവനറിയുന്നു. അദൃശ്യങ്ങളും അറിയുന്നവനാണ്. നിലവിലുള്ളതും അറിയുന്നവനാണ്. അവന്റെ മുമ്പിൽ വിനയനായി കുനിഞ്ഞാൽ അവൻ ദുആകൾ സ്വീകരിക്കുന്നു. പ്രയാസങ്ങളിൽനിന്ന് പുറത്തുകൊണ്ടുവരുന്നു. ഭാരവാഹിത്വമല്ല യാഥാർഥ കാര്യമെന്നും മറിച്ച് ബയ്അത്തിന്റെ കടമ പൂർത്തീകരിക്കുന്നതാണ് യഥാർഥ വസ്തുതയെന്നും എപ്പോഴും ഓർമിക്കേണ്ടതാണ്; അവർ ഭാരവാഹികളായാലുംശരി, ജമാഅത്തംഗങ്ങളായാലും ശരി അവരവരുടെ കടമകൾ പൂർത്തീകരിക്കുന്നതിന് പരിശ്രമിക്കേണ്ടതാണ്. ആ കടമ പൂർത്തീകരിക്കുന്നതിനെ സംബന്ധിച്ച് ഉപദേശം നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'എന്റെ പ്രിയപ്പെട്ട ജമാഅത്ത്! അല്ലാഹു നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ. നബി(സ) തിരുമേനിയുടെ സ്വഹാബാക്കൾ തയ്യാറാക്കപ്പെട്ടതുപോലെ സർവശക്തനും ഉൽകൃഷ്ടനുമായ അല്ലാഹു ആഖിറത്തിലേക്കുള്ള യാത്രയ്ക്ക് നിങ്ങളേയും ഒരുക്കുമാറാകട്ടെ. ഭൗതികലോകം ഒന്നുംതന്നെയല്ലെന്ന് നിങ്ങൾ നല്ലവണ്ണം മനസ്സിലാക്കിക്കൊള്ളുക. ഈ ദുൻയാവിനുവേണ്ടി മാത്രമുള്ള ജീവിതം ശാപഗ്രസ്തമായതാണ്. തന്റെ എല്ലാവിധ ദു:ഖങ്ങളും പ്രയാസങ്ങളും ദുൻയാവിനുവേണ്ടി മാത്രമായിട്ടുള്ളവൻ ഭാഗ്യം കെട്ടവനാണ്. അങ്ങനെയുള്ള മനുഷ്യൻ എന്റെ ജമാഅത്തിലുണ്ടെങ്കിൽ, അവൻ വ്യർഥമായിട്ടാണ് തന്നെ എന്റെ ജമാഅത്തിൽ പ്രവേശിപ്പിച്ചിരിക്കുന്നത്. കാരണം ഒരിക്കലും കായ്ക്കാത്ത ഉണങ്ങിയ ശാഖ പോലെയാണവൻ.

അല്ലയോ സൗഭാഗ്യരേ! നിങ്ങളുടെ മോക്ഷത്തിന് എനിക്ക് നൽകപ്പെട്ടിരിക്കുന്ന അധ്യാപനത്തിലാണ് നിങ്ങൾ അത്യുത്സാഹത്തോടെ പ്രവേശിച്ചിരിക്കുന്നത്. നിങ്ങൾ അല്ലാഹുവിനെ *'വാഹിദ് ലാ ശരീക്ക്'* എന്ന് മനസ്സിലാക്കി അവനോടു ഒന്നിനേയും പങ്കാളിയാക്കാതിരിക്കുക. ആകാശത്തിലും ഭൂമിയിലുമുള്ള കാര്യഹേതുക്കൾ ഉപയോഗപ്പെടുത്തുന്നതിൽനിന്ന് ദൈവം നിങ്ങളെ തടയുന്നില്ല. എന്നാൽ, ദൈവത്തെ വിട്ടുകൊണ്ട് കാര്യഹേതുക്കളിൽ മാത്രം വിശ്വാസമർപ്പിക്കുന്ന വ്യക്തി മുശ്രിക്കാണ്. പരിശുദ്ധ ഹൃദയനായി മാറാതെ മോക്ഷം ലഭ്യമല്ലെന്നത് അല്ലാഹു മുമ്പേ പറഞ്ഞു വന്ന കാര്യമാണ്. അതിനാൽ നിങ്ങൾ ശുദ്ധഹൃദയരായിത്തീരുകയും വ്യക്തിപരമായ പകകളിൽ നിന്നും വിദ്വേഷങ്ങളിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുക. മനുഷ്യന്റെ നഫ്സെ അമ്മാറ (ദോഷ പ്രവണമായ ആത്മാവ്) യിൽ പലതരത്തിലുള്ള മാലിന്യങ്ങളുമുണ്ടാകുന്നു. എന്നാൽ, ഏറ്റവുമധികം അഹങ്കാരത്തിന്റെ മാലിന്യമാണ്. അഹങ്കാരമില്ലായിരുന്നെങ്കിൽ ആരും കാഫിറാകുമായിരുന്നില്ല. അതുകൊണ്ട് നിങ്ങൾ മാനസികമായി മിസ്ക്കീനാകുക. പൊതുവായ നിലയിൽ മനുഷ്യകുലത്തോടു സഹതാപം കാണിക്കുക. നിങ്ങൾ അവർക്ക് സ്വർഗം വാങ്ങിക്കൊടുക്കാൻ ഉപദേശിക്കാറുണ്ടല്ലോ. നിങ്ങൾ ഈ കുറച്ചുദിവസത്തെ ലോകത്ത് അവരുടെ ദോഷം ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ ഈ ഉപദേശം എപ്പോഴായിരിക്കും ശരിയാകുക? അല്ലാഹുവിനോടുള്ള കടമകൾ ഹൃദയഭയത്തോടുകൂടി നിർവഹിക്കുക. നിങ്ങളോട് അതിനെ കുറിച്ച് ചോദിക്കപ്പെടുന്നതാണ്. നമസ്കാരത്തിൽ ധാരാളമായി ദുആ ചെയ്യുക. അല്ലാഹു നിങ്ങളെ അവനിലേക്ക് ആകർഷിക്കുകയും നിങ്ങളുടെ ഹൃദയങ്ങളെ പവിത്രമാക്കുകയും ചെയ്യുന്നതാണ്. കാരണം മനുഷ്യൻ ബലഹീനനാണ്. ഓരോ തിന്മയും അകലുന്നത് അല്ലാഹുവിന്റെ ശക്തി മുഖേനയാണ്. അല്ലാഹുവിൽനിന്ന് ശക്തി ലഭിക്കാത്തിടത്തോളം മനുഷ്യന് ഒരു തിന്മയും ദൂരീകരിക്കാൻ കഴിയുകയില്ല. ഇസ്‌ലാം എന്നാൽ, ഒരാചാരമെന്ന നിലയിൽ കലിമ ഏറ്റുപറയുന്നവനായി തന്നെ മനസിലാക്കുകയെന്നല്ല. മറിച്ച് യഥാർഥ ഇസ്‌ലാം എന്നാൽ, നിങ്ങളുടെ ആത്മാവുകൾ അല്ലാഹുവിന്റെ സമക്ഷം വീണ് കിടക്കുന്നതായിരിക്കണം. അല്ലാഹുവും അവന്റെ കല്പനകളും എല്ലാ അർഥത്തിലും നിങ്ങളുടെ ഭൗതിക കാര്യങ്ങളെക്കാൾ നിങ്ങൾക്ക് പ്രഥമമായിരിക്കണം."(തദ്ക്കിറത്തുശ്ശഹാദത്തയ്ൻ റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 63)

അതുകൊണ്ട് നമ്മൾ ഒരോത്തരും ഈ നിലവാരത്തിലേക്ക് പൂർണമായും ഇറങ്ങി ചെല്ലുന്നതിന് പരിശ്രമിക്കേണ്ടതാണ്; ഭാരവാഹികളും, പ്രവർത്തകരും ജമാഅത്തംഗങ്ങളും. ഹദ്റത്ത് മസീഹ് മൗഊദ്(അ) തനിക്ക് ബയ്അത്ത് ചെയ്ത നമ്മളെ സൗഭാഗ്യർ എന്നു പറഞ്ഞിരിക്കുന്നു. നമ്മൾ അല്ലാഹുവിന്റെ ഫള്‌ലിന് പാത്രമായിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്ത് സ്വീകരിച്ചു. അല്ലാഹുവിന്റെ ദൃഷ്ടിയിൽ എന്റെ മുന്നിലിരിക്കുന്ന നിങ്ങൾക്ക്

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

ഭാഗ്യമുണ്ടായിരുന്നു. അവനാണ് ഈ ഫള്ൽ ചെയ്തത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ തൗഫീഖ് നല്കി. ഈ സൗഭാഗ്യത്തിന് തെളിവു നല്കിക്കൊണ്ട് നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചു. ഇത് ആദ്യത്തെ ചുവടാണ്;അവസാനത്തേതല്ല. അതിന്റെ അവസാനം കരസ്ഥമാക്കുന്നതിന് നിങ്ങൾക്കു നല്കപ്പെട്ട ഈ അധ്യാപനം അനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബന്ധമാണ്. ഭൗതിക വ്യവഹാരങ്ങളും ജോലികളും ഈ ചിന്താഗതിയോടുകൂടി നമുക്ക് ചെയ്യേണ്ടിവരും. മുമ്പേ പറഞ്ഞു കഴിഞ്ഞതുപോലെ അല്ലാഹുവിന്റെ സ്മരണ ഒരിക്കലും മറക്കരുത്. അല്ലാഹു ഭൗതിക ജോലികളെ വിലക്കുന്നില്ല. എന്നല്ല അത് നിർബന്ധവുമാണ്. മനുഷ്യൻ സംന്യാസി ആകുന്നതിനെയാണ് അല്ലാഹു വിലക്കുന്നത്; ഭൗതികതയിൽനിന്ന് തികച്ചും തന്നെ മുറിച്ചു നീക്കുക; ദുൻയാവിൽനിന്ന് വിച്ഛേദിക്കപ്പെട്ട ജീവിതം. ലോകത്ത് താമസിക്കാൻ അല്ലാഹു പറയുന്നു. മനുഷ്യൻ ദുൻയാവിനെ, ദീനിനെക്കാൾ മുന്തിക്കുന്നതിനെയാണ് അല്ലാഹു വിലക്കിയിട്ടുള്ളത്. ദീൻ ഏതു പരിതഃസ്ഥിതിയിലും മുന്തി നില്ക്കണം. ഓരോ അഹ്മദിയുടെ മുഖത്തിന് പിന്നിലും യഥാർഥത്തിൽ അഹ്മദിയ്യത്തിന്റെ മുഖമാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുഖമാണെന്നും ഇസ്ലാമിന്റെ മുഖമാണെന്നും എല്ലാ അഹ്മദികളുടെയും ഓർമയിൽ ഉണ്ടായിരിക്കേണ്ടതാണ്. അതിനാൽ ആ മുഖങ്ങളെ സംരക്ഷിക്കുകയെന്നത് എല്ലാ അഹ്മദികളുടെയും ഉത്തരവാദിത്വമാണ്. അല്ലാഹു ദീനിന്റെ സേവനത്തിന് തൗഫീഖ് നല്കിയവർക്ക് ആ കടമ നർവഹിക്കുന്ന കാര്യത്തിൽ മറ്റുള്ളവരെക്കാൾ കൂടുതൽ ഉത്തരവാദിത്വമുണ്ട്.' നമുക്ക് ബയ്അത്ത് ചെയ്തുവെന്ന വാദം ഉന്നയിച്ചതിനുശേഷം നമ്മെ അവഹേളിക്കുന്നവരാകരുത് എന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദേശത്തെയും എപ്പോഴും മുന്നിൽ വെക്കുക.' (മൽഫൂദാത്ത് വാല്യം 10, പേജ് 137)

അതുകൊണ്ട് ഈ നിർദേശം എപ്പോഴും നിങ്ങളുടെ മുന്നിലും ഉണ്ടായിരിക്കേണ്ടതാണ്. ഇതിൽനിന്ന് ഇത് ഭാരവാഹികളോടാണെന്നും ബാക്കിയുള്ളവരെല്ലാം മുക്തരാണെന്നും ആരും കരുതരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തനിക്ക് ബയ്അത്തു ചെയ്തിട്ടുള്ള എല്ലാവരോടുമാണ് ഇത് പറഞ്ഞത്. അതുകൊണ്ട് നമ്മുടെ വാക്കിലും പ്രവൃത്തിയിലും ഒരിക്കലും വൈരുദ്ധ്യമുണ്ടാകരുത്. അങ്ങനെയായാൽ ബയ്അത്തു ചെയ്തിരിക്കുന്നുവെന്ന നമ്മുടെ വാദം മുമ്പേ ഞാൻ പറഞ്ഞതുപോലെ പൊള്ളയാണ്. ജൽസയിൽ പങ്കെടുക്കുക എന്നത് വെറും ലൗകികമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ദുആ ഞാൻ ഇവിടെ സമർപ്പിക്കുകയാണ്. അതിൽനിന്ന് തന്നെ വിശ്വസിച്ചവർക്കുവേണ്ടി അദ്ദേഹത്തിനുണ്ടായിരുന്ന ഹൃദയവേദന മനസിലാകുന്നു. അവിടന്ന് പറയുന്നു:

'ഞാൻ ദുആ ചെയ്യുകയാണ്, ജീവിതാന്ത്യം വരെയും എന്റെ ദുആ ഇതുതന്നെയായിരിക്കും. അല്ലാഹു എന്റെ ജമാഅത്തിലെ അംഗങ്ങളുടെ ഹൃദയങ്ങൾ പരിശുദ്ധമാക്കുമാറാകട്ടെ. തന്റെ കാരുണ്യത്തിന്റെ കരങ്ങൾ നീട്ടി അവരുടെ മനസ്സ് തന്നിലേക്ക് തിരിച്ചുവിടുമാറാകട്ടെ. എല്ലാ ദ്രോഹങ്ങളും പകകളും അവരുടെ മനസ്സിൽനിന്ന് ഉയർത്തി കളയുമാറാകട്ടെ. പരസ്പരസ്നേഹം അവർക്ക് പ്രദാനം ചെയ്യുമാറാകട്ടെ. ഒരിക്കൽ ഈ ദുആ സ്വീകരിക്കപ്പെടുക തന്നെ ചെയ്യുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. അല്ലാഹു എന്റെ ദുആകൾ പാഴാക്കിക്കളയുകയില്ല.'

നമുക്കുവേണ്ടിയും നമ്മുടെ മക്കൾക്കുവേണ്ടിയും ഈ ദുആ പൂർത്തിയാകാൻ നമ്മളും ദുആ ചെയ്യേണ്ടതാണ്. അങ്ങനെ ഖിയാമത്തുവരെ നമ്മുടെ സന്താനപരമ്പര ഈ ദുആയിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നവരായിക്കൊണ്ടിരിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആ സ്വീരിക്കപ്പെടുന്നതിന് നമ്മൾ കർമപരമായി ശ്രമിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

ഈ ദുആയുടെ അടുത്ത ഭാഗത്ത് അവിടന്ന് ഇങ്ങനെയും പ്രാർഥിക്കുന്നുണ്ട്. അത് നമുക്കായി സ്വീകരിക്കാതിരിക്കാനും നമ്മൾ ദുആ ചെയ്യേണ്ടതാണ്. അതിൽ അവിടന്ന് പറയുന്നു: 'ഞാൻ ഇങ്ങനെയും ദുആ ചെയ്യുന്നു, എന്റെ ജമാഅത്തിലെ ഏതെങ്കിലും ഒരു വ്യക്തി, ദൈവികജ്ഞാനത്തിലും വീക്ഷണത്തിലും ദൗർഭാഗ്യവാനാണെങ്കിൽ, യഥാർഥ പവിത്രതയും ദൈവഭയവും അവന് വിധിച്ചിട്ടില്ലെങ്കിൽ, അല്ലയോ എല്ലാ കാര്യത്തിലും കഴിവുള്ള അല്ലാഹുവേ! നിന്നിൽനിന്ന് അയാളെ നീ വേർപ്പെടുത്തിയതുപോലെ എന്നിൽനിന്നും അയാളെ നീ വേർപ്പെടുത്തേണമേ. അയാൾക്ക് പകരം, ഹൃദയം മൃദുലവും നിന്നെ അന്വേഷിക്കുന്നതുമായ മറ്റൊരാളെ നീ കൊണ്ടുവന്നാലും.'(ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ വാല്യം 6, പേജ് 398)

അല്ലാഹു നമ്മെ അത്തരം അവസ്ഥയിൽനിന്ന് രക്ഷിക്കുമാറാകട്ടെ. അല്ലാഹു നിയോഗിച്ച ആളിൽനിന്ന് വിദൂരപ്പെടുന്നവരുടെ ഗണത്തിൽ നമ്മൾ പെടാതിരിക്കട്ടെ. നമ്മുടെ വിശ്വാസത്തിന് എപ്പോഴും സ്ഥൈര്യം പ്രദാനം ചെയ്യുന്നതോടൊപ്പം അതിൽ വർധനവ് നല്കുകയും ചെയ്യുമാറാകട്ടെ. തന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി ആ മഹാത്മാവ് ചെയ്തിട്ടുള്ള എല്ലാ ദുആകൾക്കും നമ്മളേയും അർഹരാക്കുമാറാകട്ടെ. ജൽസ അനുഗ്രഹപൂർണമായി തീരുന്നതിനും എല്ലാവിധ ആപത്തുകളിൽനിന്നും രക്ഷ ഉണ്ടാകുന്നതിനുംവേണ്ടി ദുആ ചെയ്ത് കൊണ്ടിരിക്കുക. ഈ ദിനങ്ങളിൽ ജാഗരൂകരായിക്കൊണ്ട് ചുറ്റുപാടും വീക്ഷിച്ച് കൊണ്ടിരിക്കുക. അല്ലാഹു എല്ലാ കുഴപ്പക്കാരുടെയും കുഴപ്പങ്ങളിൽ നിന്നും അസൂയാലുക്കളുടെ അസൂയയിൽ നിന്നും നമ്മെ രക്ഷിക്കുമാറാകട്ടെ

---

**അനുഭവവേദ്യമായ ദിവ്യദൃഷ്ടാന്തങ്ങൾ**

## അത്ഭുതകരമായ അതിജീവനം

ഹദ്റത്ത് മൗലാനാ ഗുലാം ഹുസ്സയിൻ സാഹിബ് അയാസ്(റ)ന് സിങ്കപ്പൂരിൽ ദീർഘകാലം മിഷ്യനറിയായി ജോലി ചെയ്യാൻ സൗഭാഗ്യമുണ്ടായി. ജാപ്പാനീസ് ഭരണത്തിൽ ഒന്നിനെപ്പറ്റിയും സംസാരിക്കാൻ ധൈര്യമുണ്ടായിരുന്നില്ല. എന്നിരിക്കിലും ഹദ്റത്ത് മൗലാനാ ഗുലാം ഇസ്മായിൽ അയാസ് സാഹിബ്(റ) നിർഭയേന എല്ലായിടത്തും പ്രബോധനപ്രവർത്തനങ്ങൾ നടത്തി. ജാപ്പാൻ അധികൃതരുടെ കണ്ണിൽപ്പെടാതെ അദ്ദേഹം രക്ഷപ്പെടുന്നതെങ്ങനെയെന്ന് ആളുകൾ അത്ഭുതപ്പെട്ടു. യഥാർത്ഥത്തിൽ സർവ്വശക്തനായ അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള സംരക്ഷണമായിരുന്നു ഓരോ പ്രബോധകനും ഓരോ കാൽവെപ്പിലും കിട്ടിയത്.

ഒരിക്കൽ, ഒരു സിങ്കപ്പൂർ മസ്ജിദിൽ ഒരു അനഹ്മദി മൗലവി തന്റെ പ്രസംഗത്തിൽ അഹ്മദികളുടെ ഖുർആൻ മുസ്ലിമീങ്ങളുടെ ഖുർആനിൽനിന്ന് വ്യത്യസ്തമാണെന്നുള്ള ആരോപണം നടത്തി. ഹദ്റത്ത് മൗലാനാ ഗുലാം ഹുസയ്ൻ അയാസ് സാഹിബ്(റ) ജനക്കൂട്ടത്തിൽനിന്നുകൊണ്ട് ഈ ആരോപണത്തെ നിർഭയം ശക്തമായും സധൈര്യവും ഖണ്ഡിച്ചു. മൗലവിമാർ ആദ്യമേ പൊതുജനങ്ങളെ ഇളക്കിവിട്ടിരുന്നു. ആക്ഷേപത്തിനുള്ള പ്രതികരണമായി ചില ആളുകൾ അദ്ദേഹത്തെ അടിക്കാൻ തുടങ്ങി. മിക്കവാറും മരിക്കുന്നതുവരെ അദ്ദേഹത്തെ അടിച്ചതിനുശേഷം അദ്ദേഹത്തെ കോണിയുടെ അറ്റത്തുകൊണ്ടുവന്ന് താഴേക്ക് തള്ളിയിട്ടു. അദ്ദേഹത്തെ മർദിച്ച് അവശനാക്കി. തലക്കും കഴുത്തിനും ഗുരുതരമായ പരിക്കുപറ്റി. അബോധാവസ്ഥയിലായി.

അദ്ദേഹം അബോധാവസ്ഥയിൽ റോഡിന്റെ ഒരു വശത്തുകിടന്നു. ആരുംതന്നെ പോലീസിനെ അറിയിക്കുകയോ അദ്ദേഹത്തെ ആശുപത്രിയിലേക്ക് കൊണ്ടുപോകുകയോ ചെയ്തില്ല. സർവ്വശക്തനായ അല്ലാഹു അവന്റെ അത്ഭുതം കാണിച്ചു. സന്ദർഭവശാൽ ഒരു അഹ്മദി മിലിറ്ററി ഓഫീസറായ കേണൽ തഖ്‌യുദ്ദീൻ അഹ്മദ് സാഹിബ് ആ വഴി കടന്നുപോകാൻ ഇടയായി. റോഡിന്റെ ഒരു വശത്ത് മരിച്ചുകിടക്കുന്ന ഒരാളെകണ്ട് സഹതാപം തോന്നിയ അദ്ദേഹം തന്റെ ജീപ്പ് നിറുത്തി. അദ്ദേഹം ഉടനെ ആളെ തിരിച്ചറിഞ്ഞു. അദ്ദേഹത്തെ ആശുപത്രിയിലേക്ക് മാറ്റി. അങ്ങനെ സർവ്വശ്ക്തനായ അല്ലാഹു അത്ഭുതകരമായി രണ്ട് മിഷണറിയുടെ ജീവൻ രക്ഷിച്ചു. അനഹ്മദിമുസ്ലിമീങ്ങൾ അദ്ദേഹത്തെ മർദ്ദിച്ചശേഷം മരിച്ചെന്ന് കരുതി ഉപേക്ഷിച്ചതായിരുന്നു. (Faith Inspiring Incidents of Heavenly Support in the field of preaching)

**വിവർത്തകൻ: കെ.വി.ഹസൻകോയ, കോഴിക്കോട്**

---

### ഹദീഥുന്നബ്‌വി (സ):

*ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)*

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

### ഹദീസുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2018 ഒക്ടോബർ 15 തിങ്കളാഴ്ച**

അമേരിക്കയിലെ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ ഇന്നത്തെ ദിവസം അങ്ങേയറ്റം സുപ്രധാനവും അനുഗൃഹീതവുമാണ്. ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ നാലാമത്തെ അമേരിക്കൻ സന്ദർശനമായിരുന്നു ഇത്. 2008-ലായിരുന്നു ഹുദൂറിന്റെ ആദ്യത്തെ സന്ദർശനം. ഇത് കിഴക്കൻ ഭാഗത്തായിരുന്നു. വാഷിംഗ്ടണിൽ താമസിക്കുകയും ഹാരിസ് ബെർഗിൽ(Harrisburg) ജൽസ സാലാനയിൽ പങ്കെടുക്കുകയും ചെയ്തു.

2012 ജൂൺ 16 മുതൽ ജൂലൈ 3 വരെയായിരുന്നു രണ്ടാമത്തെ സന്ദർശനം. ഇതും കിഴക്കൻ പ്രദേശത്തായിരുന്നു. ശിക്കാഗോ(Chicago)യിൽ നിന്ന് ഈ സന്ദർശനം തുടങ്ങി. സിയോൺ, കൊളംബസ്, ഡ്യൂട്ടൺ, പീറ്റേഴ്സ് ബെർഗ്, വാഷിംഗ്ടൺ ഡി.സി, ഹാരിസ്ബെർഗ്, വെർജീനിയ, ബാൾട്ടിമൂർ തുടങ്ങിയ ജമാഅത്തുകളും ഹുദൂർ സന്ദർശിച്ചു. ഇവിടെയുള്ള ജമാഅത്തിലെ സഹോദരങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ സാന്നിധ്യംകൊണ്ട് അനുഗൃഹീതരായി. ഇപ്പോൾ നാലാം സന്ദർശനത്തിനു ആഗതനായിരിക്കുന്ന ഹുദൂർ ഫിലാഡെൽഫിയ, ബാൾട്ടി മൂർ, സൗത്ത് വെർജീനിയ എന്നവിടങ്ങളിലുള്ള മസ്ജിദുകളുടെ ഉൽഘാടന കർമം നിർവ്വഹിക്കും. ഹ്യൂസ്റ്റണിലും ചില പരിപാടികളിലും ഹുദൂർ സംബന്ധിക്കുന്നുണ്ട്. കൂടാതെ സൗത്ത് അമേരിക്കയിലെ ഗ്വാട്ടിമാലയും ഹുദൂർ സന്ദർശിക്കുന്നതായിരിക്കും.

## മസ്ജിദ് ഫള്ലിൽ നിന്ന് അമേരിക്കയിലേക്ക്:

2018 ഒക്ടോബർ 15-ന് ഉച്ച കഴിഞ്ഞ് 2.55 -ന് ഹുദൂർ വീട്ടിൽ നിന്ന് പുറത്തിറങ്ങി. ഹുദൂറിനെ യാത്ര അയക്കാൻ അഹ്മദീ സ്ത്രീ പുരുഷൻമാരുടേയും കുട്ടികളുടേയും വലിയൊരു ജനാവലി മസ്ജിദ് പരിസരത്ത് തടിച്ചു കൂടിയിരുന്നു. ഹുദൂർ ദുആ ചെയ്യിച്ചു. കൈയ്യുയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. എയർപ്പോർട്ടിലേക്ക് പുറപ്പെട്ട ഹുദൂർ 3.40-ന് അവിടെയെത്തി. പ്രത്യേക പ്രോട്ടോക്കോൾ സംവിധാനത്തിൻ കീഴിൽ സ്പെഷ്യൽ ലോഞ്ചിൽ എമിഗ്രേഷൻ പ്രൊസസ് നടന്നു.

ആദരണീയരായ യു. കെ. അമീർ റഫീഖ് ഹയാത്ത് സാഹിബ്, അഡീഷണൽ വക്കീലുൽ മാൽ ലണ്ടൻ മുബാറക്ക് അഹ്മദ് സാഹിബ്, അഫ്സർ ഹിഫാളത്തെ ഖാസ് മേജർ മഹ്മൂദ് അഹ്മദ് സാഹിബ് എന്നിവർ യാത്രാസംഘത്തോടൊപ്പം എയർപ്പോർട്ടിൽ യാത്ര അയക്കുന്നതിന് വന്നിരുന്നു. ഹുദൂർ എല്ലാവർക്കും ഹസ്തദാനം ചെയ്തു.

5.20-ന് ബ്രിട്ടീഷ് എയർവെയ്സിന്റെ ബി. എ. 293 വിമാനം 5.45-ന് ലണ്ടനിലെ ഹീത്രൂ എയർപ്പോർട്ടിൽ നിന്ന് അമേരിക്കയിലെ വാഷിംഗ്ടണിലേക്ക് പുറപ്പെട്ടു. തുടർച്ചയായ 8 മണിക്കൂർ പറന്ന ഈ വിമാനം അമേരിക്കൻ സമയം 8.45-ന് വാഷിംഗ്ടണിലെ ഡള്ളസ് (Dulles) എയർപ്പോർട്ടിലിറങ്ങി. വാഷിംഗ്ടൺ സമയം ലണ്ടൻ (യു.കെ)സമയത്തെക്കാൾ 5 മണിക്കൂർ പിന്നിലാണ്.

വിമാനത്തിന്റെ വാതിൽക്കൽ അമേരിക്ക ജമാഅത്തിന്റെ അമീർ സാഹിബ് സാദ മിർസാ മഗ്ഫൂർ അഹ്മദ് സാഹിബ്, നായിബ് അമീർ മുൻയിം നയീം സാഹിബ്, സ്റ്റേറ്റ് ഡിപ്പാർട്ട്മെൻറിൽ നിന്നുള്ള ഒരു ഓഫീസർ തുടങ്ങിയവർ പ്രത്യേക പ്രോട്ടോക്കോളിനു കീഴിൽ ഹുദൂറിനെ സ്വീകരിക്കാനെത്തിയിരുന്നു. ഒരു സ്പെഷ്യൽ മൊബൈൽ ലോഞ്ച്(Mobile Lounge) മാർഗം ഹുദൂറിനെ ലോഞ്ചിലേക്ക് ആനയിച്ചു. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫീസർ നേരിട്ടാണ് തുടർ പ്രവർത്തനങ്ങൾ നിർവ്വഹിച്ചത്. പ്രൊഫഷണൽ സർവ്വീസ് മാനേജ്മെൻറിന്റെ ഒരു സീനിയർ ഓഫീസർ ലോഞ്ചിലെത്തി ഹുദൂറിനെ വരവേറ്റു. ഹുദൂർ അദ്ദേഹത്തിന് നന്ദി പറയുകയും കുശലാന്വേഷണം നടത്തുകയും ചെയ്തു.

യാത്രാ സാധനങ്ങൾ കൈപ്പറ്റി. ക്ളിയറൻസ് ഉദ്യോഗസ്ഥരും ഹുദൂറിനെ കാണാൻ എത്തിയിരുന്നു. ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനുള്ള ഭാഗ്യവും അവർക്ക് കിട്ടി.

എമിഗ്രേഷൻ നടപടികൾ പൂർത്തിയായതിനുശേഷം വിശിഷ്ഠാതിഥികൾക്കും പ്രധാനപ്പെട്ട വ്യക്തികൾക്കും നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രത്യേക വാതിലിലൂടെ ഹുദൂറിനെ പുറത്തേക്ക് ആനയിച്ചു. അതിനടുത്തുതന്നെ ഹുദൂറിന്റെ വാഹനം പാർക്കു ചെയ്തിരുന്നു. എയർപോർട്ട് സെക്യൂരിറ്റി പ്രത്യേക ഗേറ്റ് തുറന്ന് പൂർണമായ ആദരവോടെ ഹുദൂറിനെ അവിടെനിന്ന് യാത്രയാക്കി.

രാത്രി 10.40-ന് ഹുദൂർ മസ്ജിദ് ബയ്ത്തുർറഹ്മാനിലെത്തി. മസ്ജിദും വിശാലമായ പരിസരവും വൈദ്യുത ലൈറ്റുകളാൽ അലങ്കരിക്കപ്പെട്ടിരുന്നു. വിവിധ നിറങ്ങളിൽ പരിസ്സരമാകെ പ്രകാശിതമായിരുന്നു. തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറിനെ വരവേല്ക്കാനും അനുഗൃഹീതമായ മുഖകമലം ഒരു നോക്കുകണ്ട് നിർവൃതിയടയാനും അമേരിക്കയുടെ ദൂരദൂര സ്ഥലങ്ങളിൽനിന്നും സ്റ്റേറ്റുകളിൽനിന്നും ആയിരക്കണക്കിന് അഹ്മദികൾ ഉച്ചയ്ക്കുശേഷംമുതൽതന്നെ മസ്ജിദ് ബയ്ത്തുർറഹ്മാനിൽ എത്തി തുടങ്ങിയിരുന്നു. പുരുഷന്മാരുടേയും സ്ത്രീകളുടേയും കുട്ടികളുടേയും വൃദ്ധരുടേയും വൻജനക്കൂട്ടമായിരുന്നു. അവർ തങ്ങളുടെ പ്രിയങ്കരനും സ്നേഹഭാജനവുമായ ഇമാമിന്റെ പ്രകാശനിർഭരമായ മുഖത്ത് തങ്ങളുടെ ദൃഷ്ടിയിടാൻ വെമ്പൽകൊള്ളുകയായിരുന്നു. വാഷിംഗ്ടണ്ണിലേയും ചുറ്റുവട്ടത്തുള്ള മറ്റു ജമാഅത്തുകൾക്കും പുറമെ ന്യൂയോർക്ക്, connecticut, നോർത്ത് കരോലിന, ശിക്കാഗോ, സിയോൺ, മൽവാക്കി, ഒഷ്കോഷ് ജമാഅത്തുകളിൽ നിന്നുള്ള അംഗങ്ങളും ഹുസൂറിനെ സ്വീകരിക്കാനെത്തിയിരുന്നു. കൂടാതെ മിയാമി, ഡല്ലസ്, minneapolis, ഹ്യൂസ്റ്റൻ, ബേപോയന്റ്, സിയാറ്റൽ, സിലിക്കോൺ വാലി, ലൊസാഞ്ചലസ്, എന്നിവടങ്ങളിൽ നിന്ന് ദീർഘ യാത്ര ചെയ്തും അഹ്മദികൾ എത്തിയിരുന്നു. ആറു മുതൽ 8 മണിക്കൂർ കാർ യാത്രകൾക്കുശേഷമാണ് അവരെത്തിയത്. ശിക്കാഗോയിൽ നിന്ന് 700 മൈൽ 13 മണിക്കൂറിലും, സിയോണിൽ നിന്ന് 750 മൈൽ ദൂരം 14 മണിക്കൂറുകൾ കൊണ്ടും മൽവാക്കിയിൽ നിന്ന് 800 മൈൽ ദൂരം, 15 മണിക്കൂർ യാത്ര ചെയ്തുമാണ് അവരെത്തിയത്. ഓഷ്കോഷിൽ നിന്ന് വന്നവർ 850 മൈൽ ദൂരം 16 മണിക്കൂർ യാത്ര ചെയ്താണ് തങ്ങളുടെ ഇമാമിനെ കാണാനെത്തിയത്. മറ്റു ചിലർക്ക് ഇതിലും കൂടുതൽ യാത്ര ചെയ്യേണ്ടിവന്നു.

വളരെ ദൂരെനിന്ന് വന്നവർ വിമാനത്തിലാണെത്തിയത്. Miami, Minneapolis തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ളവർ ഫ്ളൈറ്റിൽ രണ്ടര മണിക്കൂർ യാത്രചെയ്താണ് എത്തിയത്. ഡല്ലസ്, ഹ്യൂസ്റ്റൺ എന്നീ സ്ഥലങ്ങളിൽ നിന്നുള്ളവർ മൂന്ന് മണിക്കൂർ ഫ്ളൈറ്റ് യാത്ര ചെയ്താണ് വന്നത്. ബേപോയിന്റ്, സയാട്ടിൽ, സിലിക്കോൺ വാലി, ലോസ്ഏഞ്ചലസ് പ്രദേശങ്ങളിൽ നിന്നുള്ളവർ മൂവായിരം കിലോമീറ്റർ ഫ്ളൈറ്റിൽ 5 മണിക്കൂർ താണ്ടിയാണ് പങ്കെടുത്തത്. ആൺകുട്ടികളും പെൺകുട്ടികളും വിവിധ വർണ്ണത്തിലുള്ള വസ്ത്രങ്ങൾ അണിഞ്ഞ് മസ്ജിദ് പരിസ്സരത്ത് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ എതിരേൽക്കാൻ സജ്ജരായിരുന്നു. എല്ലാവരുടേയും ദൃഷ്ടി പ്രിയപ്പെട്ട ഇമാമിനെ ഒരു നോക്കു കാണാനുള്ള പ്രതീക്ഷയിലായിരുന്നു. ഇവരിൽ നിരവധിപേർ ഹുദൂറിനെ ആദ്യമായാണ് നേരിട്ടു കാണുന്നത്. എം.ടി.എയുടെ ക്യാമറക്കണ്ണുകൾ ഈ ദൃശ്യങ്ങൾ ഒപ്പിഎടുത്തുകൊണ്ടിരുന്നു. ഏതു സമയത്തും ഹുദൂർ എത്തുമെന്ന പ്രതീതി സൃഷ്ടിച്ചുകൊണ്ട് എല്ലാവരുടേയും ദൃഷ്ടി ഹുദൂർ പ്രവേശിക്കുന്ന പുറം ഗേയ്റ്റിലായിരുന്നു.

അങ്ങനെ എല്ലാവരും പ്രതീക്ഷയോടെ കാത്തിരുന്ന ആ അനുഗൃഹീത നിമിഷം വന്നെത്തി. എല്ലാവർക്കും ഒരു പുതിയ അനുഭവം സമ്മാനിച്ചുകൊണ്ട് 10.40-ന് ഹുദൂറിന്റെ വാഹനം പുറംഗേറ്റിലൂടെ അകത്തേക്ക് പ്രവേശിച്ചു. അവിടെത്തന്നെ ഹുദൂർ വണ്ടിയിൽനിന്ന് പുറത്തേക്കിറങ്ങി. യു. എസ്. എ നായിബ് അമീർ(മിഡ്വെസ്റ്റ് ആന്റ് മീഡിയ) ഡോക്ടർ. നസീം റഹ്മത്തുല്ലാഹ് സാഹിബ്, യു. എസ്. എ നായിബ് അമീർ(വെസ്റ്റ്കോസ്റ്റ് ആന്റ് സൗത്ത് വെസ്റ്റ്) ഡോക്ടർ ഹമീദുർറഹ്മാൻ സാഹിബ്, നായിബ് അമീർ, യു എസ് എ.(ജസാഇർ മുമാലിക് ആന്റ് പെസഫിക് ഐലന്റ്സ്) ഫലാഹുദീൻ ശംസ് സാഹിബ്,ഹുസൂറിനെ സ്വാഗതം ചെയ്ത് സ്വീകരിച്ചു. ഹുസൂറിന്റെ ഹസ്തദാനം കരസ്ഥമാക്കി.

ഹുദൂർ കൈയുയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. മറു ഭാഗത്തുനിന്ന് എല്ലാ പുരുഷന്മാരുടേയും സ്ത്രീകളുടേയും കുട്ടികളുടേയും യുവാക്കളുടേയും വൃദ്ധരുടേയും കൈയുയർന്നു. ഉച്ചത്തിൽ മുദ്രാവാക്യങ്ങളും തക്ബീർ ധ്വനികളും തുടർച്ചയായി ഉയർന്നുകൊണ്ടിരുന്നു. അഹ്‌ലൻ വ്വ സഹ്‌ലൻ വ്വ മർഹബാ എന്ന സ്വാഗതവാക്യം അതിന്നിടയിൽ നാലുഭാഗത്തും മുഴങ്ങിക്കൊണ്ടിരുന്നു. കുട്ടികൾ സ്വാഗതഗാനങ്ങൾ സംഘരൂപത്തിൽ ആലപിച്ചു. മസ്ജിദ് ബയ്ത്തു റഹ്മാനിന്റെ വെളിയിൽ പുരുഷന്മാർ രണ്ടു വരിയായും സ്ത്രീകൾ മറുഭാഗത്ത് കൂട്ടത്തോടെയും ഹുദൂറിനെ കാണാൻ നിന്നിരുന്നു. 3500-ൽ കൂടുതൽ പേരാണ് അവിടെ തടിച്ചു കൂടിയിരുന്നത്.ഹുദൂർ അവരുടെ ഇടയിലൂടെ മുന്നോട്ട് നീങ്ങുകയും തന്റെ കൈ ഉയർത്തി അവസാന ഭാഗം വരെയെത്തുകയും ചെയ്തു. അസ്സലാമു അലയ്ക്കും, അഹ്‌ലൻ വ്വ സഹ്‌ലൻ വ്വ മർഹബ ധ്വനികൾ കൊണ്ട് അന്തരീക്ഷം മുഖരിതമായിക്കൊണ്ടിരുന്നു.ഹുദൂർ കൈയുയർത്തി എല്ലാവരോടും വ അലയ്ക്കുമുസ്സലാം എന്ന് പറയുന്നുണ്ടായിരുന്നു. സ്നേഹത്തിന്റേയും അനുരാഗത്തിന്റേയും സമർപ്പണത്തിന്റേയും പുതു അധ്യായം ഇവിടെ ഇന്ന് രചിക്കപ്പെട്ടു. മസ്ജിദു പരിസരത്തുതന്നെ

സ്ഥിതി ചെയ്യുന്ന ഗസ്റ്റ്ഹൗസായിരുന്നു ഹുദൂറിന് താമസിക്കാൻ തയ്യാറാക്കിയിരുന്നത്.

ഹുദൂർ തന്റെ പ്രിയപ്പെട്ടവരുടെ ഇടയിലൂടെ മന്ദം മന്ദം നടന്ന് താമസസ്ഥലത്ത് പ്രവേശിച്ചു. 11 മണിക്ക് മസ്ജിദിലെത്തി ളുഹ്ർ അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു.

അമേരിക്കയിലെ അഹ്മദിയ്യാ ജമാഅത്ത് ചരിത്രത്തിൽ 1920 വളരെ പ്രാധാന്യമർഹിക്കുന്നുണ്ട്. അമേരിക്കൻ മണ്ണിൽ ജമാഅത്തിന്റെ സ്ഥാപനം ഉണ്ടാകുന്നത് അന്നാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ), ഇംഗ്ലണ്ടിൽ സേവന നിരതനായ ഹദ്റത്ത് മുഫ്ത്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ)നോട് അമേരിക്കയിൽ പോകാൻ നിർദ്ദേശിച്ചു. അങ്ങനെ 1920 ജനുവരി 15-ന്, ഇംഗ്ലണ്ടിലെ ലിവർപൂൾ(Liverpool) തുറമുഖത്തുനിന്ന് പുറപ്പെട്ട് 21 ദിവസത്തെ നീണ്ട യാത്രയ്ക്കുശേഷം അമേരിക്കയിലെ തുറമുഖമായ ഫിലാഡൽഫിയാ (Philadelpiia)യിൽ സ്ഥിതി ചെയ്യുന്ന പെൻസ് ലാന്റിംഗ്(Penn's Landing)ലിറങ്ങി. എന്നാൽ, അവിടെ ഇറങ്ങുന്നതിൽ നിന്ന് അദ്ദേഹം തടയപ്പെട്ടു. സമുദ്രതീരത്തുള്ള ഒരു റൂമിൽ അദ്ദേഹം ബന്ധിതനായി. ആ മുറിയിൽ നിന്ന് പുറത്തിറങ്ങുന്നത് തടഞ്ഞു. എന്നാൽ, മേൽക്കൂരയുടെ മുകളിൽ ഉലാത്താൻ കഴിഞ്ഞിരുന്നു. മുറിയുടെ വാതിൽ ദിനേന രണ്ടു പ്രാവശ്യം തുറക്കപ്പെട്ടിരുന്നു. ആ വീട്ടിൽ ചില യൂറോപ്യൻകാരും അടക്കപ്പെട്ടിരുന്നു. ഹദ്റത്ത് മുഫ്ത്തി സാഹിബ്(റ) സാഹചര്യത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് അവരെ തബ്ലീഗ് ചെയ്യാൻ തുടങ്ങി. ഇതിന്റെ ഫലമായി രണ്ടു മാസത്തിനുള്ളിൽ 15 ബന്ദികൾ ഇസ്ലാം സ്വീകരിച്ചു. ഹദ്റത്ത് മുഫ്ത്തി സാഹിബ്(റ) ബന്ദിയാണെന്ന വിവരം ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന് ലഭിച്ചപ്പോൾ അമേരിക്കൻ ഭരണകൂടത്തിന്റെ ഈ നിലപാടിൽ വളരെ വ്യസനം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:

"ശക്തിയുള്ള രാഷ്ട്രം എന്ന വാദമുള്ള അമേരിക്ക ഇതുവരെ ഭൗതിക ഭരണകൂടങ്ങളെ നേരിടുകയും അവരെ കീഴടക്കുകയും ചെയ്തിട്ടുണ്ടാകാം. ആത്മീയ ഭരണകൂടവുമായി നേരിട്ട് നോക്കിയിട്ടുണ്ടാവില്ല. ഇപ്പോൾ അവർ നമ്മളെ നേരിട്ടാൽ ഒരിക്കലും നമ്മെ പരാജയപ്പെടുത്താൻ അവർക്ക് കഴിയില്ലെന്ന് മസ്സിലാകുന്നതായിരിക്കും. കാരണം ദൈവം നമ്മോടൊപ്പമാണ്. നാം അമേരിക്കയുടെ ചുറ്റിലുമുള്ള പ്രദേശങ്ങളിൽ തബ്ലീഗ് ചെയ്ത് അവിടെയുള്ള ജനങ്ങളെ മുസ്‌ലിമീങ്ങളാക്കിക്കൊണ്ട് അമേരിക്കയിലേക്കയക്കുന്നതാണ്. അവരെ അമേരിക്കക്ക് തടുക്കാൻ കഴിയില്ല. ഒരു നാൾ അമേരിക്കയിൽ ലാ ഇലാഹ് ഇല്ലല്ലാഹു മുഹമ്മദ് റസൂസുല്ലാഹ് എന്ന ശബ്ദം അലയടിക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു; തീർച്ചയായും അലയടിക്കുന്നതായിരിക്കും.'

1920 മെയ് മാസത്തിൽ അമേരിക്കൻ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുള്ള നിരോധനം നീക്കപ്പെട്ടു. ബന്ദികളാക്കപ്പെട്ടവരെല്ലാം മുസ്‌ലിമീങ്ങളായിത്തീരാതിരിക്കാനാണ് അവർ ഇങ്ങനെയൊരു തീരുമാനം ധിറുതിയിലെടുത്തത്. അങ്ങനെ, ഭരണകൂടം അദ്ദേഹത്തിന് അമേരിക്കയിൽ പ്രവേശിക്കാനുള്ള അനുമതി നൽകി. ഹദ്റത്ത് മുഫ്ത്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ) ന്യൂയോർക്കിൽ ഒരു വീട് വാടകക്കെടുത്ത് ജമാഅത്തിന്റെ മിഷന് തുടക്കമിട്ടു.1921-ൽ അദ്ദേഹം ഷിക്കാഗോയിലേക്ക് മാറി. വ്യവസ്ഥാപിതമായി ഒരു സ്ഥലം വാങ്ങി ജമാഅത്തി സെന്റർ തുറന്നു. 1950-ൽ ഷിക്കാഗോയിൽ നിന്ന് ഈ സെന്റർ വാഷിംഗ്ടണിലേക്ക് മാറ്റി. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അമേരിക്ക മുഴുവൻ, എല്ലാ വലിയ പട്ടണങ്ങളിലും എല്ലാ സ്റ്റേറ്റിലും ജമാഅത്ത സ്ഥാപിതമായിരിക്കുന്നു. ഇപ്പോൾ അമേരിക്കയിൽ 74 പ്രദേശങ്ങളിൽ ജമാഅത്ത് സ്ഥിതി ചെയ്യുന്നു. 53 മസ്ജിദുകളും 26 മിഷൻ ഹൗസുകളും ഉണ്ട്. ചില പ്രദേശങ്ങളിൽ വളരെ വിശാലമായ കെട്ടിടങ്ങളും സെന്ററുകളും മസ്ജിദുകളും ജമാഅത്തിനുണ്ട്. ഹുദൂറിന്റെ ഈ യാത്രയിൽ 3 മസ്ജിദ് ഉൽഘാടനം ചെയ്യുന്നുണ്ട്. പുതിയ മസ്ജിദുകളുടേയും സെന്ററുകളുടേയും നിർമാണം തുടർച്ചയായി നടന്നു കൊണ്ടിരിക്കുന്നു. ഹദ്റത്ത് മുഫ്ത്തി സാഹിബ്(റ) 1920-ൽ ബന്ദിയാക്കപ്പെട്ടപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞിരുന്നു:

"അവരെ അമേരിക്കക്ക് തടുക്കാൻ കഴിയില്ല. ഒരു നാൾ അമേരിക്കയിൽ ലാ ഇലാഹ് ഇല്ലല്ലാഹു മുഹമ്മദ് റസൂസുല്ലാഹ് എന്ന ശബ്ദം അലയടിക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു; തീർച്ചയായും അലയടിക്കുന്നതായിരിക്കും." ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഓരോ പട്ടണങ്ങളിലും ഗ്രാമങ്ങളിലും അഹ്മദികൾ താമസിച്ചു വരുന്നു. വളരെയധികം സുസ്ഥാപിതവും കർമനിരതവും ശക്തിമത്തായതുമായ ജമാഅത്തുകൾ സ്ഥാപിതമായി കഴിഞ്ഞിരിക്കുന്നു. അമേരിക്കയിലെ ഓരോ പ്രദേശങ്ങളിലും ലാ ഇലാഹ് ഇല്ല്ല്ലാഹുവിന്റെ ശബ്ദം മാറ്റൊലിക്കൊള്ളുന്നു. ഹുദൂറിന്റെ ഈ സന്ദർശനം അസാധാരണമായ അനുഗ്രഹവർഷങ്ങളുടേയും വിജയങ്ങളുടേയും സംരഭമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇക്കാലഘട്ടം ഒരു വിപ്ലവകരമായ മാറ്റത്തിന്റെ കാലഘട്ടമാണ്. ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ ദീർഘ ദർശനങ്ങളുടെ പൂർത്തീകരണം ഒരു അവസ്ഥയിൽ നിന്ന് മറ്റൊരവസ്ഥയിലേക്ക് മാറിക്കൊണ്ട് പുതിയ പുരോഗതികൾ കൈവരിച്ചുകൊണ്ടിരിക്കുന്നു. ഈ മണ്ണിലും അതിന്റെ പ്രതിധ്വനി അലയടിച്ചുകൊണ്ടിരിക്കുന്നു. പുരോഗതിയുടേയും വിജയങ്ങളുടേയും പുതിയ വാതിലുകൾ തുറക്കപ്പെടുന്നു. അമേരിക്കൻ അഹ്മദിയ്യാ ജമാഅത്ത് വിജയങ്ങളുടെ ഒരു പുതിയ കാലഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്.(തുടരും)(ബദർ പത്രം 2018 ഡിസംബർ 6)

**അനുഭവവേദ്യമായ ദിവ്യദൃഷ്ടാന്തങ്ങൾ**

## സുനിശ്ചിതമായ മരണത്തിൽനിന്ന് രക്ഷ

ഹദ്റത്ത് മൗലാനാ മുഹമ്മദ് സ്വാദിഖ് സുമാത്രി(റ) വിവരിക്കുന്നു: പരേതനായ ഹദ്റത്ത് മൗലാനാ മുഹമ്മദ് സ്വാദിഖ് സാഹിബ് സുമാത്രി(റ) വിവരിക്കുന്ന ഈ സംഭവം സാധാരണമായ ദൈവിക പിന്തുണയുടേയും അത്ഭുതകരമായ സംരക്ഷണത്തിന്റേതുമാണ്. ഈ സംഭവം നടന്നത് രണ്ടാംലോക മഹായുദ്ധ കാലത്താണ്. അപ്പോൾ ജപ്പാൻ തങ്ങളുടെ നിയന്ത്രണം ഇന്തൊനേഷ്യവരെ വിപുലീകരിച്ചിരുന്നു. അവരുടെ ശക്തി എത്രത്തോളം പൂർണമായിരുന്നെന്നാൽ ഏതെങ്കിലുമൊരു വ്യക്തിയെക്കുറിച്ച് ചെറിയൊരു ആക്ഷേപമുണ്ടായാൽ ഉടനെ അയാളെ വധിക്കുമായിരുന്നു. നീതിയോ അന്വേഷണമോ ഉണ്ടായിരുന്നില്ല. തീരുമാനം പ്രഖ്യാപിക്കപ്പെടുകയാണ് പതിവ്. പ്രഖ്യാപനംപോലും ആവശ്യമില്ലായിരുന്നു. മരണശിക്ഷ അതിവേഗം നടപ്പിൽ വരുത്തുമായിരുന്നു.

ഹദ്റത്ത് മൗലാനാ മുഹമ്മദ് സ്വാദിഖ് സുമാത്രി(റ) പ്രസ്താവിക്കുന്നു:

"എനിക്കെതിരായ രണ്ടു പരാതികൾ പ്രകാരം ജപ്പാൻ അധികൃതർ എന്നെ വധശിക്ഷയ്ക്ക് വിധിച്ചു. അപ്പോഴത്തെ പരിതഃസ്ഥിതിയിൽ അപ്പീൽ നൽകാനോ നിശ്ചിതമരണത്തിൽനിന്ന് രക്ഷപ്പെടാനോ സാധിക്കില്ലായിരുന്നു. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അയാളുടെ ഏക സഹായം ദൈവവിശ്വാസമായിരുന്നു. അയാൾ ദൈവിക മാർഗ്ഗത്തിലെ പട്ടാളക്കാരനാണല്ലോ. അതിനാൽ ഞാൻ എന്റെ അഭയ യാചനകൾ സർവ്വശക്തനായ അല്ലാഹുവിന്റെ മുമ്പിൽ വെച്ചു. സർവ്വശക്തനായ ദൈവം എന്നെ ഒരു സ്വപ്നം മുഖേന അറിയിച്ചു, ജാപ്പാനീസ് ഗവർമ്മെന്റ് അടുത്തുതന്നെ മരണം വരിക്കുമെന്ന്. ഈ സ്വപ്നം കണ്ടത് 1945 ഏപ്രിൽ മാസമായിരുന്നു. എതാനും മാസങ്ങൾക്കുള്ളിൽ ജാപ്പാനീസ് സർക്കാർ കീഴടങ്ങി- ഇന്തൊനേഷ്യയിൽ ഈ പ്രഖ്യാപനമുണ്ടായത് ആഗസ്ത് 22നായിരുന്നു.

ജാപ്പാനീസ് ഗവർമ്മെന്റ് പരാജയപ്പെട്ടശേഷം, ഗവർമ്മെന്റ് രേഖകൾ കാണിച്ചിരുന്നത് അവർ ആഗസ്ത് 23നും 24നും 65 പേരെ വധിക്കാൻ വിധിച്ചിരുന്നു എന്നാണ്. അവരുടെ ലിസ്റ്റിൽ ആദ്യത്തെ പേര് എന്റേതായിരുന്നു. സർവ്വശക്തനായ അല്ലാഹുവിന്റെ അത്ഭുതകരമായ പിന്തുണയുടെ ദൃഷ്ടാന്തമായിരുന്നു അത്. അല്ലാഹു ജാപ്പാനീസ് ഗവർമ്മെന്റിന് അവരുടെ തീരുമാനം നടപ്പിൽ വരുത്താൻ അവസരം നൽകിയില്ല. സർവ്വശക്തനായ ദൈവത്തിന്റെ ശക്തമായ ഹസ്തം ഈ വിനീതനെ നിശ്ചിതമരണത്തിൽനിന്ന് രക്ഷപ്പെടുത്തി. മരണശിക്ഷ നടപ്പിൽ വരുത്തുന്നതിന് ഏതാനും മണിക്കൂറുകൾ മാത്രം ബാക്കിയായിരുന്നു. ((Faith Inspiring Incidents of Heavenly Support in the field of preaching,പേജ് 42-43)

**വിവർത്തകൻ: കെ.വി.ഹസൻകോയ, കോഴിക്കോട്**


**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.**

# അനുഭവവേദ്യമായ ദിവ്യദൃഷ്ടാന്തങ്ങൾ

വിവർത്തകൻ: കെ.വി.ഹസൻകോയ, കോഴിക്കോട്

## ഒരു എതിരാളിയുടെ വാദത്തിന് തിരിച്ചടി

പരേതനായ ഹദ്റത്ത് ഖാളി മുഹമ്മദ് നാസിർ ഫള്ൽ, ലായൽപുരി(റ) രസകരമായ ഒരു സംഭവം വിവരിക്കുകയുണ്ടായി.

"സിയാൽക്കോട്ടിൽ പീർ നാദിർശാഹ് സാഹിബുമായി ഒരിക്കൽ ഞാൻ 'ഖത്തമുന്നുബുവ്വത്ത്' എന്ന വിഷയത്തെ സംബന്ധിച്ച് സംവാദം നടത്തുകയുണ്ടായി. പീർ സാഹിബ് താൻ പരാജയപ്പെടുമെന്ന ഘട്ടമെത്തിയപ്പോൾ, വേറൊരു മൗലവിയെ എഴുന്നേല്പിച്ച് നിറുത്തിയിട്ട് മിർസാ സാഹിബിനെ പോലെ 'താനും ദൈവത്തിന്റെ ഒരു പ്രവാചകൻ' ആണെന്നു വാദിക്കാൻ ആവശ്യപ്പെട്ടു. എന്നിട്ട് ആ വാദിച്ചയാൾ പ്രവാചകനാണെന്നു തെളിയിക്കാൻ അദ്ദേഹം എന്നോടു പറഞ്ഞു.

ഇതു കണ്ടപ്പോൾ ഞാൻ എണീറ്റുനിന്ന് യോഗത്തെ സംബോധന ചെയ്തു ഇങ്ങനെ പറഞ്ഞു: "അല്ലയോ സുഹൃത്തുക്കളേ, ഞാൻ സർവ്വശക്തനായ അല്ലാഹുവിനോട് അങ്ങേയറ്റം നന്ദിയുള്ളവനാണ്. ഞാനും പീർ സാഹിബുമായുള്ള ചർച്ചയിലെ പ്രശ്നം പരിഹരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ചർച്ചയിലെ വിഷയം നബി(സ.അ) തിരുമേനിക്കുശേഷം ഏതെങ്കിലും പ്രവാചകൻ തന്റെ ഉമ്മത്തിൽ വരാൻ പറ്റുമോ എന്നതായിരുന്നു. പീർ സാഹിബ് പ്രായോഗികമായി തെളിയിച്ചിരിക്കുന്നു അങ്ങനെ വരാൻ പറ്റുമെന്ന്. നോക്കുക! പീർ സാഹിബിന്റെ പ്രവാചകനാണ് എന്റെ മുമ്പിൽ നിൽക്കുന്നത്. ഇപ്പോൾ അദ്ദേഹം എന്നോടു പറയുന്നു, 'താൻ വ്യാജനാണെന്ന്' ഞാൻ തെളിയിക്കാൻ! അയാൾ കള്ളപ്രവാചകനാണെന്ന് തെളിയിക്കേണ്ട ബാധ്യത എനിക്കില്ല. അദ്ദേഹം സർവ്വശക്തനായ ദൈവത്താൽ അയക്കപ്പെട്ട പ്രവാചകനല്ല. മറിച്ച്, ഇപ്പോൾ നിങ്ങൾക്ക് മുമ്പിൽ പീർ സാഹിബ് അയാളോട് പ്രവാചകനാണെന്ന് അവകാശപ്പെടാൻ ആവശ്യപ്പെട്ടതാണ്. അങ്ങനെയുള്ള ഒരു വ്യക്തി കള്ളവാദിയാണെന്ന് തെളിയിക്കേണ്ട ആവശ്യമില്ല. ഈ മറുപടികേട്ട് പീർസാഹിബ് സ്തബ്ധനായിപ്പോയി. മോഡറേറ്റർമാരുടെ ഇടയിൽനിന്നുള്ള ഒരു അനഹ്മദി അംഗം, അവിടെവെച്ചുതന്നെ താൻ അഹ്മദിയ്യത്ത് സ്വീകരിച്ചുവെന്ന് പ്രഖ്യാപിച്ചു. (Faith Inspiring Incidents of Heavenly Support in the field of preaching, പേജ് 21–22)

## ദൈവികശിക്ഷയുടെ പ്രകടനം

പരേതനായ മൗലവി മുഹമ്മദ് ഇൽയാസ് സാഹിബ്(റ)വിവരിക്കുന്നു: ചർസാദായിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ശത്രുക്കളായ മൂന്നുപേരുണ്ടായിരുന്നു. അല്ലാഹുവിന്റെ പ്രതാപവും ശക്തിയും പ്രവർത്തിക്കുന്നത് വിചിത്രമായ വഴിയിലാണ്. സർവ്വശക്തനായ അല്ലാഹു ആ മൂന്നു പേരെയും നിന്ദിച്ചു. അവരുടെ കഥകളുടെ വിശദീകരണം വളരെ ദയനീയമാണ്. എന്നിരിക്കിലും ഒരു വശത്ത് അത് ഈമാൻ വർധിപ്പിക്കുന്ന കഥയാണ്.

ഹദ്റത്ത് മൗലവി മുഹമ്മദ് ഇൽയാസ് സാഹിബ്(റ)ന്റെ പ്രഖ്യാപിത ശത്രുവായിരുന്നു മുല്ലാ മഹ്മൂദ്. മൗലവി സാഹിബിന്റെ ഭാര്യ മൗലവി സാഹിബിനെ അനിഷ്ടപ്പെടാനും വിട്ടുപോവാനും വേണ്ടി അയാൾ മാരണം ചെയ്യാറുണ്ടായിരുന്നു. മുല്ലാ മഹ്മൂദിന്റെ അന്ത്യംതന്നെ നിന്ദ്യമായിരുന്നു. അയാളുടെ ബന്ധുവായ ഒരു സ്ത്രീയുമായി അയാൾക്ക് അവിഹിത ബന്ധമുണ്ടായിരുന്നു. നാണംകെട്ട് അയാൾക്ക് വീടുവിട്ടുപോവേണ്ടി വന്നു. പിന്നീട് അയാൾ തിരിച്ചുവന്നിട്ടില്ല. രണ്ടാമത്തെ ശത്രു അക്ബർശാഹ് എന്ന ഒരാളായിരുന്നു. അയാൾ മികവുറ്റ ഒരു നീന്തൽക്കാരനായിരുന്നു. മുഹമ്മദ് ഇൽയാസ് നീന്താൻ വന്നാൽ താൻ അയാളെ മുക്കിക്കൊല്ലുമെന്ന് അയാൾ പറയുമായിരുന്നു. എല്ലാ പ്രതാപവും സർവ്വശക്തനായ അല്ലാഹുവിനാകുന്നു. അക്ബർശാഹ് നദിയിൽ നീന്തുന്നതിനിടെ സ്വയം മുങ്ങിമരിച്ചു. മൂന്നാമത്തെ വ്യക്തിയുടെ കഥ മറ്റുള്ളവർക്ക് ഒരു പാഠമാണ്. മുക്റംഖാൻ വളരെ കഴിവുള്ള ഒരു ജന്മിയായിരുന്നു. ചർസാദയിലെ നമ്പറിടുന്ന ആളുമായിരുന്നു. എതിർപ്പിന്റെ എല്ലാ പരിധികളും മറികടന്നു അയാൾ സാമൂഹിക ബഹിഷ്കരണം നടപ്പാക്കി. സർവ്വശക്തനായ അല്ലാഹു അയാളെ ശിക്ഷിച്ചത് ഇപ്രകാരമായിരുന്നു. ആദ്യം അയാൾ ക്ഷയരോഗം ബാധിച്ച് മരിച്ചു. പിന്നെ അയാളുടെ മൂന്നു പുത്രന്മാർ ഓരോന്നായി ക്ഷയരോഗംമൂലം മരിച്ചു. ചൂതാട്ടത്തിൽ അയാളുടെ സ്വത്തുക്കളെല്ലാം നശിച്ചു. തഹ്സീൽദാറിന്റെ ജോലിയിൽനിന്ന് അയാളെ പിരിച്ചുവിട്ടു. അദ്ദേഹം എത്രത്തോളം ദരിദ്രനായെന്നാൽ ഉപജീവനത്തിന് കുതിരവണ്ടി ഓടിക്കേണ്ടിവന്നു. ഒരു ദിവസം വിചിത്രമായ സംഭവമുണ്ടായി. ഹദ്റത്ത് മൗലവി സാഹിബ് ഒരു കുതിരവണ്ടിയിൽ യാത്രചെയ്യുകയായിരുന്നു. വണ്ടിയോടിക്കുന്ന ആളോട് ചർസാദയിലെ ഓരോരുത്തരെപ്പറ്റിയും ചോദിച്ചു. അദ്ദേഹം മുക്റംഖാനെ കുറിച്ച് ചോദിച്ചപ്പോൾ കുതിരവണ്ടിയുടെ ചവിട്ടുപടിയിൽ ഇരിക്കുന്ന ആൾ കണ്ണീരോടെ പറഞ്ഞു: "ഞാനാണ് ആ ദൗർഭാഗ്യവാൻ. സത്യത്തെ എതിർത്തതിനാൽ എനിക്ക് ദീനും ദുൻയാവും നഷ്ടപ്പെട്ടു."

ഇവ്വിധം കഠിനമായ ശിക്ഷയ്ക്ക് പാത്രമാകുന്നവർ അത് അർഹിക്കുന്നു. എന്തെന്നാൽ, അവരുടെ ദുഷ്പ്രവൃത്തികൾ പ്രത്യേകിച്ച് അങ്ങേയറ്റം നീചരായ അവർ സത്യം സ്വീകരിക്കുന്നതിനു പകരം അഹങ്കരിക്കുകയും സർവ്വശക്തനായ അല്ലാഹുവിന്റെ ഇഷ്ടദൂതന്മാരെ കരിതേച്ചു കാണിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ളവർ ദൈവികശിക്ഷയ്ക്ക് പാത്രമാവുകയും മറ്റുള്ളവർക്ക് ഒരു പാഠമാവുകയും ചെയ്യുന്നു.

## ഹദ്റത്ത് മൗലാനാ നാസിർ അലി അഹ്മദ് സാഹിബ്(റ)

ഹദ്റത്ത് മൗലാനാ നാസിർ അലി അഹ്മദ് സാഹിബ്(റ) പശ്ചിമാഫ്രിക്കയിൽ ചെയ്ത മഹത്തായ സേവനങ്ങൾ അഹ്മദിയ്യാ ചരിത്രത്തിൽ സുവർണ്ണലിപികളാൽ എഴുതപ്പെട്ടതാണ്. അദ്ദേഹം വിവരിക്കുകയാണ്:

1938–ൽ ഞാൻ സിറാലിയോൺ മുസ്‌ലിം കോൺഗ്രസ്സ് സംഘടിപ്പിക്കുകയുണ്ടായി. അതിൽ അധ്യക്ഷത വഹിച്ചത് രാജ്യത്തെ അറിയപ്പെട്ട വ്യക്തിയായ ശേഖ് ഹയ്ദറുദ്ദീൻ ആയിരുന്നു. അദ്ദേഹം ജെ.പി, എം.ബി.ഇ. അവാർഡുകൾ നേടിയ ആളായിരുന്നു. എല്ലാ തലത്തിലുള്ള ആളുകളും അദ്ദേഹത്തിന്റെ അറിവും കഴിവുകളും അംഗീകരിച്ചിരുന്നു. എന്റെ വിജയകരമായ പ്രഭാഷണത്തിനുശേഷം ശേഖ് ഹയ്ദറുദ്ദീൻ തന്റെ ഉപസംഹാരത്തിൽ ഇപ്രകാരം പറഞ്ഞു. "ശ്രോതാക്കളേ, ഞാൻ നിങ്ങളിലെല്ലാവരേക്കാളും കൂടുതൽ പഠിപ്പുള്ളവനാണ്. മതകാര്യങ്ങളിൽ എനിക്ക് തുല്യനായി ആരുമില്ല. ഈ ഇന്ത്യക്കാരൻ ഇവിടെ പറഞ്ഞത് കറ്റുകെട്ടും കളവിന്റെ കൂമ്പാരവുമാണെന്നെനിക്ക് തോന്നുന്നു.' അദ്ദേഹം അങ്ങേയറ്റം അഹങ്കാരത്തോടെ പറഞ്ഞു: 'അദ്ദേഹത്തിന്റെ വ്യാജമസീഹിനെ സ്വീകരിക്കാതെ എന്റെ ഹൃദയത്തിന്റെ പ്രവർത്തനം നിലച്ചാൽ മതിയായിരുന്നു. എനിക്ക് ഈ ഇന്ത്യൻ മിഷണറിയുടെ സംസാരം കണക്കിലെടുക്കേണ്ടതില്ല. അങ്ങനെ ഞാൻ കുഴപ്പത്തിൽനിന്ന് സംരക്ഷിക്കപ്പെടണം.'

സർവ്വശക്തനായ ദൈവത്തിന്റെ ശിക്ഷ നിശ്ശബ്ദമായി വരുന്നു. ദൈവത്തിന്റെ സാർവ്വശക്തിത്വത്തിന്റേയും പ്രതാപത്തിന്റേയും മുമ്പിൽ ഏറ്റവും വലിയ ആളുടെയും അഹങ്കാരവും അഭിമാനവും തിരപ്പണമാകുന്നു. ഏതൊരുവിധത്തിലുള്ള അന്ത്യമാണോ അദ്ദേഹം ആഗ്രഹിച്ചത് അത് വന്നുചേർന്നു. ഏതാനും മാസങ്ങൾക്കുള്ളിൽ അദ്ദേഹത്തിന് ചോദിക്കപ്പെട്ട ശിക്ഷ ലഭിച്ചു. അദ്ദേഹത്തിന് മാനസികരോഗം പിടിപെട്ടു. അതെത്രമാത്രം ദുരിതപൂർണമായിരുന്നുവെന്നാൽ അത് കണ്ടുനില്ക്കാൻ കഴിയുമായിരുന്നില്ല. ജീവിതത്തിനും മരണത്തിനുമിടയിൽ മല്ലടിച്ചുകൊണ്ട് അദ്ദേഹം രണ്ടരവർഷം ജീവിച്ചു. ഭയാനകമായ അവസ്ഥയിൽ അദ്ദേഹം മരിച്ചുപോയി. അത് മറ്റുള്ളവർക്ക് ഒരു ഗുണപാഠമായിരുന്നു.

ഇനിയും കഠിനതരമായ രൂപത്തിലുള്ള ദൈവികശിക്ഷ സിങ്കപൂരിൽ നടന്ന ഒരു സംഭവത്തിലുണ്ടായി. ഭക്തനായ ഒരു സിങ്കപൂർ അഹ്മദി വിവരിക്കുന്നു: "ഞാനും പരേതനായ ഗുലാം ഹുസയ്ൻ അയാസ് സാഹിബും ഹസാറയിലെ ഒരു പത്താൻകാരൻ നടത്തിവന്ന റസ്റ്റാറന്റിൽനിന്ന് ഭക്ഷണം കഴിക്കുക പതിവായിരുന്നു. ഒരു ദിവസം ഞങ്ങൾ അഹ്മദികളാണെന്ന് മനസ്സിലായപ്പോൾ അയാൾ അങ്ങേയറ്റം ക്ഷുഭിതനാവുകയും വളരെ മോശമായ ഭാഷയിൽ സംസാരിക്കുകയും ഞങ്ങളെ അയാളുടെ കടയിൽനിന്ന് ഉന്തിപ്പുറത്താക്കുകയും ചെയ്തു. അതുകൊണ്ടും അയാളുടെ ക്ഷോഭം തീർന്നില്ല. അയാൾ വാഗ്ദത്തമസീഹ്(അ)നെ ചീത്തപറയാൻ തുടങ്ങി. വാഗ്ദത്ത മസീഹ്(അ) കള്ളനും ദജ്ജാലുമാണെന്നും പറഞ്ഞു. സർവ്വശക്തനായ അല്ലാഹു വാഗ്ദത്ത മസീഹിനോടു ഇങ്ങനെ വാഗ്ദാനം ചെയ്തിരുന്നു:

*"ഇന്നീ മുഹീനും മൻ ഇറാദ ഇഹാനത്തക്ക"* നിന്നെ അപമാനിക്കാൻ ഉദ്ദേശിക്കുന്നവൻ സ്വയം ദൈവത്താൽ നിന്ദിക്കപ്പെടും."

ചീത്തപറഞ്ഞ ഈ മനുഷ്യന്റെമേൽ അല്ലാഹു തന്റെ വാഗ്ദാനം പൂർത്തിയാക്കിയതൊന്നു നോക്കുക. വിശദവിവരം താഴെ ചേർക്കുന്നു:

വർഷങ്ങൾക്കുള്ളിൽ സർവ്വശക്തനായ അല്ലാഹുവിന്റെ ശിക്ഷയ്ക്കു അയാൾ വിധേയനായി. വാഗ്ദത്ത മസീഹ്(അ)ൽ അയാൾ ആരോപിച്ച ആ ദുഷിച്ച മരണം അയാൾ വരിച്ചു. ആദ്യത്തിൽ അയാൾക്ക് ചെറിയതോതിൽ പ്രമേഹം ബാധിച്ചു. പിന്നെ അസുഖം ഗുരുതരമായി. അയാളുടെ കാലിൽ ഒരു കുരു പ്രത്യക്ഷപ്പെട്ടു. ഇൻഫെക്ഷനായതു കാരണം അയാൾക്ക് കാൽ മുറിക്കേണ്ടിവന്നു. പിന്നെ മറ്റേകാലിലും കുരു പ്രത്യക്ഷപ്പെട്ടു. ആ കാലും മുറിക്കേണ്ടിവന്നു. അങ്ങനെ അയാൾ മറ്റുള്ളവരെ ആശ്രയിക്കേണ്ടിവന്നു. അദ്ദേഹത്തിന്റെ ബന്ധുക്കൾ അദ്ദേഹത്തെ കൈകളിൽ താങ്ങി നടന്നു. അവസ്ഥ വളരെ ഭയാനകമായി. അദ്ദേഹത്തിന്റെ മക്കൾ വളരെ ഹതാശയരായി. അവരുടെ കടയുടെ ഒരു മൂലയിൽ കൊണ്ടിരുത്തി. അവിടെ അയാൾ നിരങ്ങാൻ തുടങ്ങി. പിന്നെ തീരെ ചലിക്കാൻ കഴിയാതായപ്പോൾ സ്വന്തം വിസർജ്ജ്യത്തിൽതന്നെ മരിച്ചുകിടക്കുന്നതായി കണ്ടെത്തി.

ഇത് വളരെ വേദനാജനകമായ ഒരു സംഭവമാണ്. അത് വിവരിക്കുമ്പോൾ വിറച്ചുപോകും. ശക്തമായ ദൈവികവിധിയെക്കുറിച്ച് സങ്കല്പിക്കുമ്പോൾ ഹൃദയം അങ്ങേയറ്റം വിഷമിക്കുന്നു. ഈ സംഭവങ്ങളിൽനിന്ന് പാഠം പഠിക്കാത്ത ആരെങ്കിലുമുണ്ടോ? (Faith Inspiring Incidents of Heavenly Support in the field of preaching, പേജ് 29–31) (തുടരും)



(പേജ് 2ൽനിന്ന്)

ങ്ങോട്ടുമിങ്ങോട്ടും ഓടിക്കൊണ്ടിരിക്കുകയും രണ്ടു കുന്നുകളിന്മേലും നില്ക്കുകയും ചെയ്തു.) ഇബ്നു അബ്ബാസ് പറയുന്നു: നബി(സ) തിരുമേനി പറഞ്ഞു, 'ഇക്കാരണംകൊണ്ടാണ് 'സ്വഫാ-മർവാ' യ്ക്കിടയിൽ മനുഷ്യൻ നടക്കുന്നത്.' അങ്ങനെ (ഏഴാം പ്രവശ്യം) മർവാ എന്ന കുന്നിന്മേൽ കയറി നിന്നപ്പോൾ അവർ ഒരു അശരീരി കേട്ടു. അന്നേരം 'നില്ക്കൂ' എന്ന് അവർ തന്നോടുതന്നെ പറഞ്ഞു. അനന്തരം ശരിക്കും അവർ ശബ്ദം ശ്രദ്ധിച്ചുനിന്നപ്പോൾ പിന്നേയും അവർ ഒരു അശരീരി കേട്ടു. അപ്പോൾ അവർ പറഞ്ഞു, 'നിന്റെ ശബ്ദം ഞാൻ കേട്ടുകഴിഞ്ഞിട്ടുണ്ട്. എന്നെ സഹായിക്കാൻ നിന്റെ പക്കൽ വല്ല മാർഗവുമുണ്ടെങ്കിൽ അതാണെനിക്കു ആവശ്യം.' ഉടനെ അതാ ഒരു മലക്ക് പ്രത്യക്ഷപ്പെടുന്നു! ഇപ്പോൾ സംസം കിണർ നില്ക്കുന്ന സ്ഥലത്ത് മലക്ക് തന്റെ കാലിൻമടമ്പുകൊണ്ട് (അല്ലെങ്കിൽ ചിറകുകൊണ്ട്) മണ്ണ് മാന്താൻ തുടങ്ങി. അവസാനം വെള്ളം വെളിപ്പെട്ടു. ഇതു കണ്ടപ്പോൾ ഇസ്മായീൽനബിയുടെ മാതാവ് ആ വെള്ളം തടഞ്ഞുവെക്കാനും തോൽപാത്രത്തിൽ കൈകൊണ്ട് മുക്കിനിറക്കാനും തുടങ്ങി. വെള്ളമാവട്ടെ. അവർ കോരിയെടുത്ത ശേഷവും ശക്തിയോടെ ഉറവെടുത്തുകൊണ്ടിരിക്കുകതന്നെയാണ്. നബി(സ)തിരുമേനി പറഞ്ഞു,' ഇസ്മായീൽനബിയുടെ മാതാവിനെ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. 'സംസമി'ന്റെ ഉറവിൽനിന്ന് വെള്ളം കോരിയെടുക്കാതെ അതേ നിലക്ക് അവർ വിട്ടിരുന്നെങ്കിൽ 'സംസമി'ലെ വെള്ളം ഒരു അരുവിയുടെ രൂപത്തിൽ ഒഴുകിക്കൊണ്ടിരിക്കുമായിരുന്നു.' അങ്ങനെ ഇസ്മായീൽനബിയുടെ മാതാവ് ആ വെള്ളം കുടിച്ചുകൊണ്ടും കുട്ടിയ്ക്കു മുലകൊടുത്തുകൊണ്ടും അവിടെ ജീവിച്ചു. അതിന്നിടയ്ക്കൊരു മലക്ക് അവരെ ഉണർത്തി: 'നിങ്ങളെ ആപത്തു ബാധിക്കുമെന്ന് ഭയപ്പെടേണ്ട. ഇവിടെയാണ് അല്ലഹുവിന്റെ മന്ദിരമുള്ളത്. ഈ കുട്ടിയും പിതാവും കൂടിയാണത് പണിയുക. അല്ലാഹു തന്റെ ദാസന്മാരെ കൈവിട്ടു കളയുകയില്ല.' അന്ന് കഅ്ബാ ഒരു കുന്നുപോലെ ഭൂമിയുടെ നിരപ്പിൽനിന്ന് ഉയർന്നു നില്ക്കുകയായിരുന്നു. മഴവെള്ളം വരുമ്പോൾ അതിന്റെ വലഭാഗവും ഇടഭാഗവും ഇടിഞ്ഞിടിഞ്ഞ് പൊയ്ക്കൊണ്ടേയിരിക്കും. ഇസ്മായീൽനബിയുടെ മാതാവ് ആ നിലയ്ക്ക് ജീവിച്ചു. അതിന്നിടയ്ക്ക് 'ജുർഹൂം' ഗോത്രത്തിലെ ചിലയാളുകൾ (അല്ലെങ്കിൽ ജുർഹൂമ ഗോത്രത്തിലെ ഒരു കുടുംബം)ആ വഴിയ്ക്കുവന്നു. 'കദാഅ്'മാർഗത്തിലൂടെയാണ് അവർ വന്നത്. എന്നിട്ട് മക്കായുടെ താഴ്ന്നഭാഗത്ത് അവർ വാഹനം ഇറങ്ങി. അപ്പോൾ ഒരു പക്ഷി വട്ടമിട്ടു പറക്കുന്നത് അവർ കണ്ടു. അന്നേരം അവർ പറഞ്ഞു,'ഈ പക്ഷി ഒരു വെള്ളത്തിൻ മുകളിലാണ് വട്ടമിട്ട് പറന്നുകൊണ്ടിരിക്കുന്നത്. നമുക്ക് ഈ താഴ്വരയെക്കുറിച്ച് പരിചയമുണ്ട്. പക്ഷേ, ഈ താഴ്വരയിൽ നാം വെള്ളം കണ്ടിട്ടില്ല. ഇതു പറഞ്ഞിട്ട് അവർ ഒന്നോരണ്ടോ പേരെ നോക്കാനയച്ചു. ചെന്നു നോക്കുമ്പോൾ അവിടെ അതാ വെള്ളം! അവർ തിരിച്ചു ചെന്ന് കൂട്ടുകാർക്ക് വെള്ളത്തെക്കുറിച്ച് അറിവ് നല്കി. ഉടനെ അവരെല്ലാവരും കൂടിവന്നു. ഇസ്മായീൽനബിയുടെ മാതാവ് വെള്ളത്തിന്നരികെത്തന്നെയുണ്ടായിരുന്നു. 'നിങ്ങളുടെ അടുത്ത് താമസിക്കാൻ നങ്ങ ൾ ഞങ്ങളെ അനുവദിക്കുമോ?' എന്ന് അവർ ചോദിച്ചു. 'അനുവദിക്കാം. പക്ഷേ, വെള്ളത്തിൽ നിങ്ങൾക്ക് ഒരു അവകാശവും ഉണ്ടായിരിക്കുകയില്ല' എന്ന് ഇസ്മായീൽനബിയുടെ ഉമ്മ മറുപടി നല്കി. അതവർ സമ്മതിച്ചു. നബി(സ)തിരുമേനി പറഞ്ഞു: 'ഇസ്മായീൽനബിയുടെ ഉമ്മായ്ക്ക് അതൊരു വലിയ നേട്ടമായിത്തോന്നി. കാരണം മറ്റു മനുഷ്യരുമായി ബന്ധം സ്ഥാപിച്ചുകൊണ്ട് ജീവിക്കുവാനാണ് അവരിഷ്ടപ്പെട്ടിരുന്നത്. ഒടുവിൽ അക്കൂട്ടർ അവിടെ താമസമുറപ്പിക്കുകയും അവരുടെ കുടുംബങ്ങളെ അങ്ങോട്ടു വിളിച്ചുകൊണ്ടു വരികയും ചെയ്തു. പിന്നീടു അവരുടെ ജനസംഖ്യ പെരുകി. അവിടെ കുറെ വീട്ടുകാർ ഉണ്ടായിത്തീർന്നു. ചെറിയകുട്ടി(ഇസ്മായീൽ)യൗവനം പ്രാപിക്കുകയും ഇക്കൂട്ടരുടെ പക്കൽനിന്ന് അറബി ഭാഷ പഠിക്കുകയും ചെയ്തു. അങ്ങനെ ആ യുവാവിനോട് അവർക്ക് വളരെ സ്നേഹവും ബഹുമാനവും തോന്നി. യുവാവിന് പ്രായപൂർത്തിയായപ്പോൾ തങ്ങളുടെ കൂട്ടത്തിലെ ഒരു പെണ്ണിനെ അദ്ദേഹത്തിന്നവർ വിവാഹം ചെയ്തുകൊടുത്തു. ഇസ്മായീൽനബിയുടെ മാതാവ് മരിക്കുകയും ചെയ്തു.

ഇസ്മായീൽ(അ) വിവാഹം കഴിച്ചശേഷം, താൻ വിട്ടുപോയ കുടുംബത്തിന്റെ സ്ഥിതിഗതികൾ നോക്കിക്കാണാൻ ഇബ്റാഹീം നബി(അ) വന്നു. അപ്പോൾ ഇസ്മായീൽ(അ)നെ കണ്ടില്ല. ആഹാരം അന്വേഷിച്ചു പോയിരിക്കുകയാണെന്ന് ഭാര്യ പറഞ്ഞു. അപ്പോൾ അവരുടെ ജീവിതത്തേയും സ്ഥിതിഗതികളേയും കുറിച്ച് ഇബ്റാഹീംനബി(അ) അവളോട് അന്വേഷിച്ചു. ഞങ്ങൾ വളരെ ശോച്യാവസ്ഥയിലാണ്. ദാരിദ്ര്യത്തിലും ഞെരുക്കത്തിലുമാണ് എന്നിങ്ങനെയുള്ള ആവലാതികളാണ് ഇബ്റാഹീംനബി(അ)യുടെ മുമ്പിൽ അവർ നിരത്തിവെച്ചത്. അതു കേട്ടപ്പോൾ ഇബ്റാഹീംനബി(അ) പറഞ്ഞു: 'നിന്റെ ഭർത്താവു വന്നാൽ, എന്റെ സലാം അദ്ദേഹത്തെ അറിയിക്കണം. ഉമ്മറപ്പടി മാറ്റിവയ്ക്കാൻ അദ്ദേഹത്തോടു പറഞ്ഞേക്കണം.' ഇസ്മായീൽ(അ) തിരിച്ചു വന്നപ്പോൾ അവിടെ ഒരാൾ വന്നുപോയ ലക്ഷണം അദ്ദേഹം കണ്ടു. അപ്പോൾ അദ്ദേഹം ചോദിച്ചു: 'ഇവിടെ വല്ലവരും വന്നിരുന്നോ?' അവൾ പറഞ്ഞു: 'അതെ, ഇന്ന ഇന്ന രൂപത്തിലുള്ള ഒരു വൃദ്ധൻ ഇവിടെ വന്നു. എന്നിട്ടു താങ്കളെപ്പറ്റി അന്വേഷിച്ചു. ഞാൻ വിവരങ്ങളെല്ലാം പറഞ്ഞു. നമ്മുടെ ജീവിതം എങ്ങനെയുണ്ടെന്ന് ചോദിച്ചു. ഞങ്ങൾ വലിയ ഞെരുക്കത്തിലും കഷ്ടപ്പാടിലുമാണെന്ന് ഞാൻ മറുപടി പറഞ്ഞു. അപ്പോൾ, 'നിന്നോടുവല്ല കാര്യവും അദ്ദേഹം ഉപദേശിച്ചോ?' എന്ന് ഇസ്മായീൽ(അ) ചോദിച്ചു. അവൾ പറഞ്ഞു, 'അതെ, താങ്കൾക്കു സലാം പറയുവാനും ഉമ്മറപ്പടി മാറ്റണമെന്ന് പറയുവാനും എന്നോടു ഉപദശിച്ചു. ഇസ്മായീൽ(അ) പറഞ്ഞു, 'അതെന്റെ പിതാവാണ്. നിന്നെ വിട്ടയക്കണമെന്നാണ് അദ്ദേഹം എന്നെ ഉപദേശിച്ചിട്ടുള്ളത്. അതുകൊണ്ടു നീ നിന്റെ കുടുംബത്തിലേക്ക് പൊയ്ക്കൊള്ളണം.' ഇതു പറഞ്ഞിട്ട് അദ്ദേഹം അവളുമായുള്ള വിവാഹബന്ധം വേർപെടുത്തി. എന്നിട്ട് ജുർഹൂം ഗോത്രത്തിലെ മറ്റൊരു സ്ത്രീയെ അദ്ദേഹം വിവാഹം ചെയ്തു. പിന്നീട് കുറെ കാലം കഴിഞ്ഞശേഷം ഇബ്റാഹീംനബി(അ) രണ്ടാമത് അവരെ സന്ദർശിച്ചു. അപ്പോഴും ഇസ്മായീൽനബിയെ കണ്ടില്ല. അദ്ദേഹത്തിന്റെ ഭാര്യയുടെ അടുക്കൽ ചെന്നിട്ട് അന്വേഷിച്ചു. അപ്പോൾ, 'ഞങ്ങൾക്ക് ആഹാരം തേടിക്കൊണ്ടു വരുവാൻ പോയിരിക്കുകയാണ്' എന്നവൾ പറഞ്ഞു. അന്നേരം നിങ്ങളുടെ സ്ഥിതിയെന്തെന്നും ജീവിതമെങ്ങനെ' എന്നും അവളോട് അദ്ദേഹം ചോദിച്ചു. 'ഞങ്ങൾ ക്ഷേമൈശ്വര്യങ്ങളോടെ ജീവിക്കുന്നു' എന്ന് പറഞ്ഞ് അവൾ അല്ലാഹുവിനെ സ്തുതിച്ചു. 'നിങ്ങളുടെ ആഹാരമെന്തെന്ന്' അവളോട് അദ്ദേഹം ചോദിച്ചു. മാംസം എന്നവൾ പറഞ്ഞു. 'നിങ്ങളുടെ പാനീയമോ?' വെള്ളമെന്ന് അവൾ മറുപടി നല്കി. അപ്പോൾ, 'മാംസത്തിലും വെള്ളത്തിലും അല്ലാഹുവേ! നീ അവർക്ക് ബർക്കത്ത് നല്കേണമേ' എന്ന് ഇബ്റാഹീംനബി (അ) പ്രാർഥിച്ചു. നബി(സ)തിരുമേനി പറയുന്നു, 'അന്നവർക്ക് ധാന്യങ്ങൾ വിളഞ്ഞിരുന്നില്ല. ധാന്യങ്ങൾ വിളഞ്ഞിരുന്നെങ്കിൽ അതിലും ബർക്കത്തിനുവേണ്ടി ഇബ്റാഹീംനബി(അ) പ്രാർഥിക്കുമായിരുന്നു.' നബി(സ)തിരുമേനി പിന്നീടു പറഞ്ഞു, 'മക്കായിലല്ലാതെ മറ്റൊരിടത്തും വെറും മാംസവും വെള്ളവുംകൊണ്ട് ജീവിക്കാൻ ആർക്കും കഴിയില്ല. അങ്ങനെ ജീവിച്ചാൽ അതാരുടേയും ആരോഗ്യത്തിനും അഭിരുചിക്കും പിടിക്കുകയില്ല.' ഇബ്റാഹീംനബി(അ) തുടർന്നു പറഞ്ഞു,'നിന്റെ ഭർത്താവു വന്നാൽ അദ്ദേഹത്തിന് എന്റെ സലാം പറയുക. ഉമ്മറപ്പടി ഇളക്കാതെ ഉറപ്പിച്ചു നിറുത്താൻ ഉപദേശിക്കുകയും ചെയ്യുക.'

# നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്ര്' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

(പേജ് 1ൽനിന്ന്)

അഗ്നി ആരാധകനായ ഒരു വൃദ്ധൻ വീടിന്റെ മുകളിൽനിന്ന് ചാറ്റൽ മഴയത്ത് പക്ഷികൾക്ക് ധാന്യമണികൾ ഇട്ടുകൊടുക്കുകയായിരുന്നു. ഒരു വൃദ്ധൻ അടുത്തുനിന്ന് പറഞ്ഞു, ഏ കിഴവാ! നീ എന്താണ് ചെയ്യുന്നത്? അയാൾ പറഞ്ഞു: സഹോദരാ! ആറേഴു ദിവസമായി തോരാമഴ പെയ്യുകയാണ്. പക്ഷികൾക്ക് ധാന്യമണികൾ ഇട്ടുകൊടുക്കുകയാണ്. അയാൾ പറഞ്ഞു, നീ പാഴ്വേലയാണ് ചെയ്യുന്നത്. നീ കാഫിറാണ്. നിനക്ക് എവിടെന്ന് പ്രതിഫലം കിട്ടാനാണ്? വൃദ്ധൻ പറഞ്ഞു: എനിക്ക് ഇതിന്റെ പ്രതിഫലം തീർച്ചയായും കിട്ടും. ആ വൃദ്ധൻ സാഹിബ് പറയുന്നു: ഞാൻ ഹജ്ജിന് പോയി. ആ വൃദ്ധൻ ത്വവാഫ് ചെയ്യുന്നത് ദൂരത്തുനിന്ന് ഞാൻ കണ്ടു. അയാളെ കണ്ട് എനിക്കത്ഭുതം തോന്നി. ഞാൻ മുന്നോട്ടാഞ്ഞപ്പോൾ ആദ്യം അയാൾ തന്നെ പറഞ്ഞു: ഞാൻ ധാന്യമണി ഇട്ടുകൊടുത്തത് നഷ്ടപ്പെട്ടുപോയോ അതോ അതിന് പകരം കിട്ടിയോ?

## നന്മയുടെ പ്രതിഫലം നഷ്ടപ്പെട്ടുപോകുകയില്ല:

അല്ലാഹു ഒരു കാഫിറിന്റെ നന്മപോലും പാഴാക്കിയില്ലെന്നുവരുമ്പോൾ മുസ്ലിമിന്റെ നന്മ നഷ്ടപ്പെടുത്തുമോ എന്ന് ചിന്തിക്കേണ്ടതാണ്. എനിക്ക് ഒരു സ്വഹാബിയുടെ കാര്യം ഓർമ വന്നു. അദ്ദേഹം പറഞ്ഞു: യാറസൂലല്ലാഹ്! ഞാനെന്റെ കുഫ്റിന്റെ അവസ്ഥയിൽ ധാരാളം ദാനധർമം ചെയ്തിട്ടുണ്ട്. അവയുടെ പ്രതിഫലം എനിക്കു കിട്ടുമോ? അവിടന്ന് പറഞ്ഞു:ആ ദാനധർമങ്ങളാണ് നിന്റെ ഇസ്ലാം സ്വീകരണത്തിന് നിമിത്തമായത്.'(മൽഫൂദാത്ത് വാല്യം 1, പേജ് 61-63, 2018 ഖാദിയാൻ പതിപ്പ്)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 8 August 2019 Issue-32

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# വിശുദ്ധ ഖുർആൻ വാരാഘോഷം

**ആദിനാട്:** ആദിനാട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 28 മുതൽ ആഗസ്റ്റ് 4 വരെ വിശുദ്ധ ഖുർആൻ വാരം ആഘോഷിച്ചു.

ബഹു കൊല്ലം ജില്ലാ അമീർ എം. അബ്ദുല്ലാഹ് സാഹിബ് ഉദ്ഘാടനം ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ അൻസാർ ഖുദ്ദാം അത്ഫാൽ നാസിറാത്തുകൾ ഖുർആൻ പാരായണം, പദ്യങ്ങൾ, പ്രഭാഷണങ്ങൾ എന്നീ പരിപാടികൾ അവതരിപ്പിച്ചു.

കെ.എം അബദുൽ ജലീൽ സാഹിബ്(പ്രസിഡന്റ്), മൗലവി അമീറുദ്ദീൻ, കെ.എം സലീം, ഇയാസ് അഹ്മദ്, മൗലവി നജ്മുദ്ദിൻ, എം.റഷീദ് കുട്ടി, മൻസൂർ അഹ്മദ്, റാസിൽ അഹ്മദ്, ഇഫ്രാൻ,മുഹമ്മദ് ഹുനൈസ്,മൗലവി ഗുലാം അഹ്മദ് ഇസ്മാഈൽ സാഹിബ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടത്തി.

കുട്ടികൾ ഖുർആൻ തിലാവത്ത്, പദ്യങ്ങൾ എന്നിവ അവതരിപ്പിച്ചു.

ഏഴു ദിവസങ്ങളിലും 85% അംഗങ്ങൾ പങ്കെടുത്തു.

പ്രസിഡന്റ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ മൗലവി ഗുലാം അഹ്മദ് ഇസ്മാഈൽ സാഹിബിന്റെ സമാപന പ്രഭാഷണത്തോടെ വിശുദ്ധ ഖുർആൻ വാരം സമംഗളം സമാപിച്ചു .അൽഹംദുലില്ലാഹ്. നജ്മുദ്ദീൻ (മുബല്ലിഗ് ആദിനാട്)

**ചേലക്കര:** ചേലക്കര അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മസ്ജിദ് ഹാദിയിൽ വിശുദ്ധ ഖുർആൻ വാരം സംഘടിപ്പിച്ചു. ജൂലായ 20 മുതൽ തുടങ്ങിയ പരിപാടിയിൽ മൗലവി ഗുലാം അഹ്മദ് സാഹിബ്, മൗലവി സൈനുൽആബ്ദീൻ സാഹിബ് ഐരാപുരം, മുള്ളൂർക്കര മുഹമ്മദുണ്ണി മുസ്‌ലിയാർ, ഇൻസ്പെക്ടർ തഹ്‌രീക്കെ ജദീദ് മൗലവി നസീം അഹ്മദ് സാഹിബ്, ഇൻസ്പെക്ടർ ബയ്ത്തുൽമാൽ മൗലവി മഹ്മൂദ് അഹ്മദ് സാഹിബ് എന്നിവർ യഥാക്രമം വിശുദ്ധ ഖുർആനും നമസ്കാരത്തിന്റെ പ്രാധാന്യവും, വിശുദ്ധ ഖുർആനും തബ്‌ലീഗിന്റെ ആവശ്യകതയും, വിശുദ്ധ ഖുർആൻ പാരായണത്തിന്റെ ആവശ്യകതയും അതിനോടുള്ള കടമകളും, ജീവിത വിജയം നേടാൻ വിശുദ്ധ ഖുർആൻ നല്കുന്ന പാഠങ്ങൾ, വിശുദ്ധ ഖുർആന്റെ കല്പനകളുടെ അവഗണനയും തിക്തഫലങ്ങളും എന്നീ വിഷയങ്ങളെ അധികരിച്ച് പ്രഭാഷണങ്ങൾ നടത്തി. ജമാഅത്ത് പ്രസിഡന്റ് നസ്വീർ അഹ്മദ് സാഹിബ്, മൗലവി പി. എ. ഗുലാം അഹ്മദ് സാഹിബ്, എ മുഹമ്മദ് ഖാസിം സാഹിബ്, അനസ് അഹ്മദ് സാഹിബ്, സുലയ്മാൻ സാഹിബ് എന്നിവർ അധ്യക്ഷരായി. സൽമാൻ അഹ്മദ് സാഹിബ്, അഹ്മദ് ഫസദ് സാഹിബ്, ബാസ്വിർ അഹ്മദ് സാഹിബ്, മുദ്ദസ്സിർ അഹ്മദ് സാഹിബ്, അത്വാവുൽ കരീം സാഹിബ് എന്നിവർ വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. ത്വാഹിർ അഹ്മദ് സാഹിബ്, ശരീഫ് അഹ്മദ് സാഹിബ്, റമീസ് അഹ്മദ് സാഹിബ് എന്നിവർ പദ്യമാലപിച്ചു.

കഴിഞ്ഞ റമളാനിൽ വിശുദ്ധ ഖുർആൻ ഖത്തം ചെയ്തവർക്ക് ഉപഹാരങ്ങൾ നല്കി. ഈ വർഷം ഖാദിയാനിലെ ജാമിഅ അഹ്മദിയ്യായിൽ പഠിക്കുന്നതിന് ചേലക്കര ജമാഅത്തിൽനിന്ന് അർഹത നേടിയ നിയാസ് അഹ്മദിന് യാത്ര അയപ്പ് നല്കി. യോഗത്തിൽ പങ്കെടുത്ത ജാമിഅ അഹ്മദിയ്യായിലെ മറ്റു വിദ്യാർഥികളെ ആദരിച്ചു.(സെക്രട്ടറി ഇശാഅത്ത് ചേലക്കര)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## വാർഷിക ഇജ്തിമ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഭാരതത്തിലെ ഉപസംഘടനകളുടെ (മജ്‌ലിസ് അൻസ്വാറുല്ലാഹ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, ലജ്‌ന ഇമാഇല്ലാഹ്) ദേശീയ വാർഷിക ഇജ്തിമാകൾ 2019 ഒക്ടോബർ 18, 19, 20 (വെള്ളി, ശനി, ഞായർ) എന്നീ തിയ്യതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു.

# മജ്‌ലിസ് അൻസ്വാറുല്ലാഹ് കണ്ണൂർ-കാസർഗോഡ് ജില്ല ഇജ്തിമാ

**കണ്ണൂർ:** മജ്‌ലിസ് അൻസ്വാറുല്ലാഹ് കണ്ണൂർ-കാസർഗോഡ് ജില്ല ഇജ്തിമാ 2019 ജൂലായ് 28 ഞായറാഴ്ച കണ്ണൂർ ടൗൺ മസ്ജിദിൽ സംഘടിപ്പിച്ചു.

രാവിലെ പത്തുമണിക്ക് എസ്. വി. റാസിഖ് അഹ്മദ് സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ ഇജ്തിമാഇന് തുടക്കം കുറിച്ചു. മജ്‌ലിസ് അൻസ്വാറുല്ലാഹ് അഖിലേന്ത്യാ പ്രസിഡന്റിന്റെ പ്രതിനിധി മാത്തോട്ടം ജമാഅത്ത് അമീർ എം. റഫീഖ് അഹ്മദ് സാഹിബ് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. കൂടാളി അശ്റഫ് സാഹിബ് പദ്യാലാപനം നടത്തി. പ്രതിനിധി എം. റഫീഖ് അഹ്മദ് സാഹിബ് ഇജ്തിമാ ഉൽഘാടനം ചെയ്തു. ജമാഅത്തായ നമസ്കാരത്തിന് പ്രാധാന്യം നല്കേണ്ടതിനെ കുറിച്ച് അദ്ദേഹം ഊന്നി പറഞ്ഞു. ഹദ്റത്ത് മൗലവി ശേർ അലി സാഹിബ്(റ)നെ അദ്ദേഹം സ്മരിച്ചു. ഒരിക്കൽ ഒരാളോടൊപ്പം അദ്ദേഹം നമസ്കാരത്തിന് ഖാദിയാനിലെ മസ്ജിദ് മുബാറക്കിൽപോയി. അവിടെ നമസ്കാരം കഴിഞ്ഞിട്ടുണ്ടായിരുന്നു. അദ്ദേഹം സുഹൃത്തിനോടു നമുക്ക് മസ്ജിദ് അഖ്സ്വയിൽ പോകാം അവിടെ ജമാഅത്ത് കിട്ടുമെന്ന് പറഞ്ഞു. അവിടെ ചെന്നപ്പോൾ അവിടേയും നമസ്കാരം കഴിഞ്ഞിരുന്നു. അദ്ദേഹം പറഞ്ഞു, ഇവിടെ ഒരു ചെറിയ മസ്ജിദുണ്ട്. മസ്ജിദ് ഫള്ൽ, അവിടെ പോകാം. അങ്ങനെ അവിടെ ചെന്നപ്പോൾ നമസ്കാരം തുടങ്ങിയതേ ഉണ്ടായിരുന്നുള്ളു. അങ്ങനെ അവർക്ക് ജമാഅത്തു കിട്ടി. നമ്മളും ഇക്കാലത്ത് ജമാഅത്തായ നമസ്കാരത്തിന് വളരെ പ്രാധാന്യം നല്കേണ്ടതാണ്. അദ്ദേഹം പറഞ്ഞു. അഖിലേന്ത്യാ മജ്‌ലിസ് അൻസ്വാറുല്ലാഹ് നാഇബ് സ്വദ്ർ യു. മൻസ്വൂർ അഹ്മദ് സാഹിബ് ആശംസകൾ നേർന്നു. അധ്യക്ഷ ഭാഷണത്തിനുശേഷം ബദ്ർ സഹപത്രാധിപർ മൗലവി മുഹമ്മദ് ഇസ്മായീൽ ക്ലാസെടുത്തു.

തുടർന്ന് വൈജ്ഞാനിക മത്സരങ്ങൾ നടന്നു. ഖുർആൻ പാരായണം, അറബി പദ്യാലാപനം, ഉർദു പദ്യാലാപനം, മലയാള പദ്യാലാപനം, പ്രസംഗം, ക്വിസ്സ് എന്നീ ഇനങ്ങളിലാണ് മത്സരം നടന്നത്. മോഗ്രാൽ, പഴയങ്ങാടി, കണ്ണൂർ ടൗൺ. കണ്ണൂർ സിറ്റി, കൂടാളി, കടലായി, തലശ്ശേരി, മട്ടന്നൂർ എന്നീ മജ്‌ലിസുകളിൽനിന്ന് പ്രതിനിധികൾ പങ്കെടുത്തു. കണ്ണൂർ ടൗൺ മസ്ജിദിലെ സമ്മേളനഹാൾ പ്രതിനിധികളെക്കൊണ്ട് നിറഞ്ഞിരുന്നു. ജില്ലാ അമീർ കെ അബ്ദുൽ അസീസ് സാഹിബ് സമാപന ഭാഷണം നടത്തി. ദുആയോടെ 5 മണിക്ക് ഇജ്തിമാ സമംഗളം സമാപിച്ചു.

# രക്തദാഹിയായ ശത്രുവിന്റെ ഹൃദയമുരുകി

മൗലാനാ അബ്ദുൽ മലിക്ക് ഖാൻ സാഹിബ് വിവരിക്കുന്നു: മൗലാനാ അബ്ദുൽ മാലിക് ഖാൻ സാഹിബിന് ഇന്ത്യയിലും പാക്കിസ്താനിലും ഘാനയിലും ഇസ്ലാമിന് സേവനം ചെയ്യാൻ അവസരം ലഭിച്ചിരുന്നു. അദ്ദേഹം ഘാനയിൽനിന്നുള്ള കുമാസിയിൽനിന്ന് പ്രബോധന പ്രവർത്തനങ്ങൾ കഴിഞ്ഞു മടങ്ങിവരികയായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ കാറിന്റെ ഒരു ടയർ പൊട്ടി. അദ്ദേഹവും കൂട്ടുകാരനും ടയർ മാറ്റിയിട്ടശേഷം യാത്ര തുടർന്നു. അവർ ഏകദേശം ഇരുപതോ ഇരുപത്തഞ്ചോ നാഴിക യാത്ര ചെയ്തശേഷം വേറൊരു ടയർ പൊട്ടി. അതിന്റെ അർഥം ഇനി മുന്നോട്ടുപോകാൻ യാതൊരു നിവൃത്തിയുമില്ലെന്നായിരുന്നു. അദ്ദേഹം പ്രസ്താവിക്കുന്നു.

"പെട്ടെന്ന് കാട്ടിൽനിന്ന് രണ്ടുപേർ പ്രത്യക്ഷപ്പെട്ടു. അവർ ഞങ്ങളെ സമീപിക്കുകയായിരുന്നു. അവരുടെ കൈകളിൽ കഠാരയുണ്ടായിരുന്നു. അവർ കൊലയാളികളുടെ ഗോത്രത്തിൽപെട്ടവരാണെന്ന് തോന്നി. അവരുടെ മുഖം ക്രൂരത നിറഞ്ഞതായിരുന്നു. അവരുടെ കൈകളിലുണ്ടായിരുന്ന കഠാരകൾ രാത്രിയിലെ ചന്ദ്രപ്രകാശത്തിൽ തിളങ്ങി. കർമ്മോത്സുകരായി നില്ക്കാൻ സർവ്വശക്തനായ അല്ലാഹു ഞങ്ങളെ സഹായിച്ചു. ഭയാനകമായ ആ അവസ്ഥയിൽ ഞങ്ങൾക്ക് നിയന്ത്രണം പാലിക്കാൻ സാധിച്ചു.

എന്റെ കൂട്ടുകാരനായ മിസ്റ്റർ അബ്ദുൽവാഹിദ് റിട്ടയേർഡ് പോലീസ് ഓഫീസറായിരുന്നെങ്കിലും ഞാൻ അവരോട് അവസ്ഥയെക്കുറിച്ച് പറയുകയും സഹായമർഥിക്കുകയും ചെയ്തു. തബ്‌ലീഗ് രംഗത്തുള്ള സർവ്വശക്തനായ അല്ലാഹുവിന്റെ സഹായമായിരുന്നു, ഞങ്ങളെ കൊള്ളയടിക്കാനും കൊല്ലാനും വേണ്ടി വന്നവരുടെ ഹൃദയം മൃദുലമാക്കിയെന്നത്. അവർക്ക് ഞങ്ങളോട് സ്നേഹവും സഹതാപവും തോന്നി. അവർ അച്ഛനും മകനുമായിരുന്നു. ഞങ്ങളുടെ കഥ കേട്ട ശേഷം അച്ഛൻ മകനോടു പറഞ്ഞു. "രണ്ടു ടയറുകളും നിന്റെ ചുമലിൽവെച്ച് അടുത്തുള്ള പട്ടണത്തിൽപോയി ഇപ്പോൾത്തന്നെ റിപ്പയർ ചെയ്യിച്ചു ഉടനെ മടങ്ങിവരിക." മകൻ മടങ്ങിവരുന്നതുവരെ ഞങ്ങളെ കൊല്ലാൻ തീരുമാനിച്ചുവന്ന അച്ഛൻ കാട്ടിലായിരിക്കെ ഞങ്ങളെ സൽക്കരിച്ചു. അയാളുടെ സഞ്ചിയിൽനിന്ന് കൈതച്ചക്ക എടുത്ത് ഞങ്ങളെ കൊല്ലുവാനുദ്ദേശിച്ചുകൊണ്ടുവന്ന കഠാര ഉപയോഗിച്ചു മുറിച്ചു ഒരു കഷണം അയാൾ തിന്നു. ബാക്കി ഞങ്ങൾക്കും തന്നു. അവർ ഞങ്ങളോട് കാണിച്ച ആതിഥ്യ മര്യാദ അവിസ്മരണീയമാണ്. ഒടുവിൽ ഏകദേശം പുലർച്ചെ 3.30ന് അയാളുടെ മകൻ തിരിച്ചെത്തി. റിപ്പയർ ചെയ്ത ടയർ കാറിൽ ഘടിപ്പിച്ചു. ഞങ്ങൾ ലക്ഷ്യസ്ഥാനത്തേക്ക് യാത്ര ചെയ്തു. സർവ്വശക്തനായ ദൈവത്തിന്റെ അസാധാരണ സഹായം ഞങ്ങളെ കൊല്ലാൻ വന്നവരുടെ മനസ്സ് മാറ്റി അവരെ ഞങ്ങളുടെ ആതിഥേയരും സേവകരുമാക്കി. (Fait h Inspiring Incidents of Heavenly Support in the field of preaching,പേജ് 40 - 41)

**വിവർത്തകൻ:**
**കെ.വി.ഹസൻകോയ, കോഴിക്കോട്**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin